31
2026
ജനുവരി
ശനി
മകരം 17

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 29 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-26 പേജ് 4. വില 2.00 രൂപ




02 പ്രവാസികൾക്ക് ഇന്ന് നാടിന്റെ ജനാധിപത്യ പ്രക്രിയയിൽ കൃത്യമായ പങ്കാളിത്തമുണ്ട്

03 ജാപ്പനീസ്-4 ലെവൽ ഭാഷ പഠിച്ചു വരൂ; ജപ്പാനിൽ കൈനിറയെ അവസരങ്ങൾ

04 കടൽപായൽ ഉൽപാദനം മൂന്നിരട്ടിയായി വർധിച്ചു- കേന്ദ്ര മന്ത്രി

## ആഗോള കടൽപായൽ വിപണിയിൽ

# ഇന്ത്യ നിർണായക ശക്തിയാകും

### സിഎംഎഫ്ആർഐയിൽ നടന്ന ആഗോള കടൽപായൽ ഉച്ചകോടി സമാപിച്ചു

കൊച്ചി: ആഗോള കടൽപായൽ സമ്പദ്വ്യവസ്ഥയിൽ അടുത്ത 25 വർഷത്തിനുള്ളിൽ ഇന്ത്യ നിർണായക ശക്തിയായി മാറുമെന്ന് വിലയിരുത്തൽ. വർധിച്ചുവരുന്ന ആഭ്യന്തര ഉപഭോഗം, വ്യവസായ മേഖലയിലെ പുതിയ സാധ്യതകൾ, ആഗോള വിതരണ ശൃംഖലയിലെ മാറ്റങ്ങൾ എന്നിവ ഇന്ത്യയ്ക്ക് അനുകൂലമാകുമെന്ന് സിഎംഎഫ്ആർഐയിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ കടൽപായൽ ഉച്ചകോടിയിൽ വിദഗ്ധർ ചൂണ്ടിക്കാട്ടി.

ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ്, സിഎംഎഫ്ആർഐ, സെൻട്രൽ സാൾട്ട് മറൈൻ കെമിക്കൽസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവർ സംയുക്തമായാണ് രണ്ടു ദിവസത്തെ എക്സ്പോയും ഉച്ചകോടിയും സംഘടിപ്പിച്ചത്.

അടുത്ത 25 വർഷത്തിനുള്ളിൽ ഇന്ത്യയിലെ മധ്യവർഗ ജനസംഖ്യയിൽ 60 കോടിയുടെ വർധനവുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ഇത് കടൽപായലിൽ നിന്ന് ഉൽപാദിപ്പിക്കുന്ന 'കരാജിനൻ' പോലുള്ള ഉൽപ്പന്നങ്ങൾക്ക് വലിയ വിപണി ഒരുക്കും. ഭക്ഷണം, മരുന്നുകൾ, സൗന്ദര്യവർധക വസ്തുക്കൾ എന്നിവയിൽ കരാജിനൻ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. ഏഷ്യൻ വിപണിയിൽ, പ്രത്യേകിച്ച് ഇന്ത്യയിൽ ഈ മേഖലയിൽ വൻ വളർച്ചയാണ് പ്രതീക്ഷിക്കുന്നതെന്ന് ബെൽജിയത്തിൽ നിന്നുള്ള കടൽപായൽ മേഖലയിലെ വ്യവസായ നിരീക്ഷകൻ സ്റ്റീവൻ ഹെർമൻസ് പറഞ്ഞു.

ഇതിന് പുറമെ, കാർഷിക മേഖലയിൽ വളർച്ചാ ത്വരിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന കടൽപായൽ അധിഷ്ഠിത ഉൽപ്പന്നമായ ബയോസ്റ്റിമുലന്റുകൾക്കും ഇന്ത്യയിൽ ആവശ്യകത കൂടും. ഇവയുടെ വിപണി പ്രതിവർഷം 10 ശതമാനം വളർച്ച കൈവരിക്കും. 2030-ഓടെ ഇതിനായി വൻതോതിൽ കടൽപായൽ ആവശ്യമായി വരും.

പരിസ്ഥിതി സൗഹൃദ പാക്കേജിംഗിനായി കടൽപായൽ പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുന്ന രീതിക്ക് വലിയ നിക്ഷേപം ലഭിക്കുന്നുണ്ട്. 2020 മുതൽ ഈ മേഖലയിൽ ഏകദേശം 1,500 കോടി രൂപയുടെ ആഗോള നിക്ഷേപം നടന്നിട്ടുണ്ടെന്ന് ഉച്ചകോടി വിലയിരുത്തി.

മാത്രമല്ല, ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും തടയുന്നതിൽ കടൽപായൽ കൃഷിക്ക് നിർണായക പങ്ക് വഹിക്കാനാകുമെന്നും വിദഗ്ധർ ചൂണ്ടിക്കാട്ടി. അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡ് ആഗിരണം ചെയ്ത് സംഭരിച്ചു വെക്കുന്ന 'ബ്ലൂ കാർബൺ' പദ്ധതിയിൽ കടൽപായലുകൾ പ്രധാന കണ്ണിയാകും. തീരദേശങ്ങളുടെ സുരക്ഷയ്ക്കും കടൽപായൽ കൃഷി അനിവാര്യമാണെന്ന് ഗവേഷകർ പറഞ്ഞു.




**സിഎംഎഫ്ആർഐയിൽ നടന്ന ആഗോള സീവീഡ് ഉച്ചകോടിയിൽ കടൽപായൽ വിഭവങ്ങൾ രുചിച്ചു നോക്കുന്ന സമ്മേളന പ്രതിനിധി.**

## ഇഡി റെയ്ഡിനിടെ കോൺഫിഡൻറ് ഗ്രൂപ്പ് എംഡി സി.ജെ.റോയി ജീവനൊടുക്കി



ബംഗളൂരു: ഇഡി റെയ്ഡിനിടെ കോൺഫിഡൻറ് ഗ്രൂപ്പ് എംഡി സി.ജെ.റോയി (56) ജീവനൊടുക്കി. ബംഗളൂരുവിലെ കോർപറേറ്റ് ഓഫീസിൽവച്ച് വെള്ളിയാഴ്ച ഉച്ചയ്ക്കായിരുന്നു ദാരുണ സം വം. കൈയിൽ കരുതിയിരുന്ന തോക്ക് ഉപയോഗിച്ച് സ്വയം വെടിയുതിർക്കുകയായിരുന്നു.

ഉടൻ തന്നെ നാരായണ ഹോസ്പിറ്റലിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായിരുന്നില്ല. നികുതി വെട്ടിപ്പ് ആരോപണങ്ങളെത്തുടർന്ന് കഴിഞ്ഞ മൂന്നുദിവസങ്ങളിലായി അദ്ദേഹത്തിൻറെ ഓഫീസുകളിലും വസതികളിലും ആദായനികുതി വകുപ്പ് വ്യാപകമായ പരിശോധന നടത്തുകയായിരുന്നു. കൊച്ചിയിലുള്ള ഇഡി ഉദ്യോഗസ്ഥരാണ് പരിശോധനയ്ക്കെത്തിയത്.

വെള്ളിയാഴ്ച ഉച്ചയ്ക്ക് അദ്ദേഹത്തെ ഇഡി ഉദ്യോഗസ്ഥർ മണിക്കൂറുകളോളം ചോദ്യം ചെയ്തിരുന്നു. ഇതിനിടെ ഫയൽ എടുത്തുകൊണ്ടുവരാമെന്ന് പറഞ്ഞ് റൂമിലേക്ക് പോയ അദ്ദേഹം വെടിയുതിർക്കുകയായിരുന്നു. അശോക് നഗർ പോലീസ് സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു. സിനിമ നിർമാതാവ് കൂടിയായ അദ്ദേഹം കൊച്ചി സ്വദേശിയാണ്. കേരളം, കർണാടക, തമിഴ്നാട് ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിലും ഗൾഫിലുമായി റിയൽ എസ്റ്റേറ്റ് മേഖലയിൽ സജീവ സാന്നിധ്യമായിരുന്നു സി.ജെ.റോയ്. ഇഡി ഉദ്യോഗസ്ഥർ ഇദ്ദേഹത്തെ ീഷണിപ്പെടുത്തിയെന്ന് ജീവനക്കാർ ആരോപിച്ചു.

## മുനമ്പം വഖഫ് ഭൂമി തർക്കം: ഹൈക്കോടതി ഉത്തരവിനുള്ള സ്റ്റേ നീട്ടി സുപ്രീം കോടതി

ന്യൂഡൽഹി: മുനമ്പം വഖഫ് ഭൂമി തർക്കവുമായി ബന്ധപ്പെട്ട ഹൈക്കോടതി ഉത്തരവിനുള്ള സ്റ്റേ സുപ്രീം കോടതി മൂന്നാഴ്ചത്തേക്ക് കൂടി നീട്ടി. ജസ്റ്റീസ് മനോജ് മിശ്ര അധ്യക്ഷനായ ബെഞ്ചിൻറേതാണ് ഉത്തരവ്.

മുനമ്പം ഭൂമി തർക്കം വഖഫ് ട്രൈബ്യൂണലിൻറെ പരിഗണനയിലായതിനാൽ ഹൈക്കോടതിക്ക് ഉത്തരവ് ഇറക്കാനാക്കില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് സുപ്രീം കോടതി നേരത്തെ ഉത്തരവ് സ്റ്റേ ചെയ്തത്. ഹൈക്കോടതി അധികാര പരിധി കടന്നെന്നും സുപ്രീം കോടതി നിരീക്ഷിച്ചിരുന്നു.



മുനമ്പത്തെ വിവാദ ഭൂമി വഖഫ് ഭൂമിയല്ലെന്നായിരുന്നു ഹൈക്കോടതിയുടെ നേരത്തെയുള്ള ഉത്തരവ്. ഈ ഉത്തരവിനെതിരേ വഖഫ് സംരക്ഷണ സമിതി നൽകിയ ഹർജി പരിഗണിച്ചാണ് സുപ്രീം കോടതി ഇപ്പോൾ ഇടക്കാല ഉത്തരവ് നീട്ടിയിരിക്കുന്നത്.

ഉത്തരവിനെതിരെ വഖഫ് സംരക്ഷണ വേദി നൽകിയ അപ്പീലിന് മറുപടി നൽകാൻ സർക്കാർ കൂടുതൽ സമയം തേടി. ഇത് പരിഗണിച്ച കോടതി, സർക്കാരിന് മറുപടി നൽകാനുള്ള സമയം അനുവദിക്കുകയും കേസ് മൂന്നാഴ്ചയ്ക്ക് ശേഷം വീണ്ടും പരിഗണിക്കാൻ തീരുമാനിക്കുകയും ചെയ്യുകയായിരുന്നു. അതേസമയം, മുനമ്പം ഭൂമി പ്രശ്നം പഠിക്കാൻ സംസ്ഥാന സർക്കാർ നിയമിച്ച ജസ്റ്റീസ് സി.എൻ. രാമചന്ദ്രൻ നായർ കമ്മീഷൻറെ പ്രവർത്തനങ്ങൾ തുടരാമെന്നും സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട

## കുഞ്ഞികൃഷ്ണൻറെ പുസ്തക പ്രകാശനം: സംരക്ഷണം നൽണമെന്ന് ഹൈക്കോടതി; സിപിഎം നേതാക്കന്മാർക്ക് നോട്ടീസ്

കൊച്ചി: പയ്യന്നൂരിലെ വി. കുഞ്ഞികൃഷ്ണൻറെ പുസ്തകപ്രകാശന പരിപാടിക്ക് പോലീസ് സംരക്ഷണം നൽകണമെന്ന് ഹൈക്കോടതി. പോലീസ് സംരക്ഷണം തേടി വി. കുഞ്ഞികൃഷ്ണൻ ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചിരുന്നു.

ഹർജിയിൽ എതിർ കക്ഷികളായ സിപിഎം നേതാക്കൾക്ക് ഹൈക്കോടതി നോട്ടീസ് അയച്ചു. ജില്ലാ സെക്രട്ടറി കെ.കെ. രാഗേഷ്, ടി.ഐ. മധുസൂദനൻ എംഎൽഎ, പയ്യന്നൂർ ഏരിയ സെക്രട്ടറി പി. സന്തോഷ് എന്നിവർക്കാണ് നോട്ടീസ് അയച്ചത്.

ഫെബ്രുവരി നാലിന് പയ്യന്നൂർ ഗാന്ധി പാർക്കിൽ നടക്കുന്ന 'നേതൃത്വത്തെ അണികൾ തിരുത്തണം' എന്ന തൻറെ പുസ്തകത്തിൻറെ പ്രകാശനച്ചടങ്ങിനു സംരക്ഷണം ആവശ്യപ്പെട്ടാണ് കുഞ്ഞികൃഷ്ണൻ ഹർജി സമർപ്പിച്ചത്.

ചടങ്ങ് തടസപ്പെടുത്താൻ പാർട്ടി ശ്രമിക്കുന്നുണ്ടെന്നും തനിക്കും കുടുംബത്തിനും ജീവനു ഭീഷണിയുണ്ടെന്നു ഹർജിയിൽ പറയുന്നു.

ജനുവരി 26ന് സിപിഎമ്മിൽനിന്ന് പുറത്താക്കിയതിനു പിന്നാലെ പയ്യന്നൂരിൽ സംഘർഷാവസ്ഥ നിലനിൽക്കുകയാണെന്ന് കുഞ്ഞികൃഷ്ണൻ ചൂണ്ടിക്കാട്ടുന്നു. വീടിനു മുന്നിൽ സിപിഎം പ്രവർത്തകർ ഭീഷണി മുദ്രാവാക്യങ്ങളുമായി പ്രകടനം നടത്തുകയും പടക്കം എറിയുകയും ചെയ്തു.

തനിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച സുഹൃത്ത് പ്രസന്നൻറെ ബൈക്ക് വീടിനു മുന്നിൽ വച്ച് കത്തിച്ചതായും ഹർജിയിൽ കുഞ്ഞികൃഷ്ണൻ ചൂണ്ടിക്കാട്ടുന്നു.

## പോലീസുകാർക്ക് നേരെ കൈയേറ്റ ശ്രമം; രണ്ടു പേർ അറസ്റ്റിൽ

കൊല്ലം: മദ്യപിച്ച് വാഹനമോടിച്ചത് ചോദ്യം ചെയ്തതിന് പോലീസിനെ ആക്രമിച്ച രണ്ടുപേർ അറസ്റ്റിൽ. കൊട്ടാരക്കരയിൽ വച്ച് കൺട്രോൾ റൂം എസ്ഐ രാജേഷ് കുമാർ, സിപിഒ നിക്സൺ എന്നിവരെ ആക്രമിക്കാൻ ശ്രമിച്ച വെങ്കിടേഷ്, മനീഷ് എന്നിവരാണ് പിടിയിലായത്.

മദ്യപിച്ച് രണ്ട് പേർ വാഹനത്തിൽ വരുന്നുണ്ടെന്ന വിവരം ലഭിച്ചതിനെ തുടർന്ന് കൊട്ടാരക്കര റെയിൽവേ ഓവർ ബ്രിഡ്ജിൽവച്ച് പോലീസ് ഇവരെ തടയുകയായിരുന്നു. തുടർന്ന് പ്രകോപിതരയി പ്രതികൾ പോലീസുകാരെ അസഭ്യം വിളിക്കുകയും എസ്ഐയുടെ ഷർട്ട് വലിച്ചു കീറാൻ ശ്രമിക്കുകയുമായിരുന്നു.

ഇത് തടയാനെത്തിയ സിപിഒയെ പ്രതികൾ കൈയേറ്റം ചെയ്യുകയായിരുന്നു. തുടർന്ന് സ്റ്റേഷനിലെത്തിച്ച പ്രതികൾ സെല്ലിൽ കിടന്നും പോലീസുകാരെ വെല്ലുവിളിക്കുകയും അസഭ്യം പറയുകയും ചെയ്യുന്ന ദൃശ്യങ്ങളും പുറത്തുവന്നു.

## അന്താരാഷ്ട്ര വിഷയങ്ങളിൽ തൻെറ നിലപാടുകൾ രാഷ്ട്രീയവത്കരിക്കരുത്: ശശി തരൂർ

ന്യൂഡൽഹി: അന്താരാഷ്ട്ര വിഷയങ്ങളിൽ താൻ എടുക്കുന്ന നിലപാടുകൾ രാഷ്ട്രീയവത്കരിക്കരുതെന്ന് ശശി തരൂർ എംപി. ചില വിഷയങ്ങളിലെ തൻറെ വീക്ഷണങ്ങളെ ബിജെപി അനുകൂലമായി ചിലർ തെറ്റിദ്ധരിക്കുകയാണ്. പഹൽഗാം ആക്രമണത്തിനു പിന്നാലെ നയതന്ത്ര ബന്ധത്തെക്കുറിച്ച് അദ്ദേഹം നടത്തിയ പരാമർശങ്ങൾ വിവാദമായിരുന്നു. ഇതിൻറെ പശ്ചാത്തലത്തിലാണ് വിശദീകരണവുമായി തരൂർ രംഗത്തെത്തിയത്. ചില കാര്യങ്ങളിൽ രാജ്യത്തിനുവേണ്ടി സംസാരിക്കാനാണ് താൻ ഇഷ്ടപ്പെടുന്നത്. താൻ ഇപ്പോഴും കോൺഗ്രസിലാണ്. എവിടേക്കും പോകില്ല. കേരളത്തിലെ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടുക്കുകയും യുഡിഎഫിൻറെ വിജയത്തിനായി പ്രവർത്തിക്കുകയും ചെയ്യുമെന്നും തരൂർ വ്യക്തമാക്കി.

## സ്വർണത്തിന് ഇരട്ടവീഴ്ച; രാവിലെയും ഉച്ചയ്ക്കുമായി ഇടിഞ്ഞത് 6,280 രൂപ

കൊച്ചി: സംസ്ഥാനത്ത് രാവിലത്തെ വീഴ്ച!യ്ക്കു പിന്നാലെ വീണ്ടും താഴ്ന്നിറങ്ങി സ്വർണവില. ഗ്രാമിന് 130 രൂപയും പവന് 1,040 രൂപയുമാണ് കുറഞ്ഞത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 15,510 രൂപയിലും പവന് 1,24,080 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഉച്ചയ്ക്ക് 105 രൂപ കുറഞ്ഞ് 12,740 രൂപയിലെത്തി.

രാവിലെ ഗ്രാമിന് 655 രൂപയും പവന് 5,240 രൂപയും കുറഞ്ഞിരുന്നു. ഇതോടെ, രാവിലെയും ഉച്ചയ്ക്കുമായി 6,280 രൂപയാണ് താഴ്ന്നത്.

വ്യാഴാഴ്ച രാവിലെ ഗ്രാമിന് ഒറ്റയടിക്ക് 1,080 രൂപയും പവന് 8,640 രൂപയും വർധിച്ച സ്വർണവില സർവകാല റിക്കാർഡ് ഭേദിച്ച് ഗ്രാമിന് 16,395 രൂപയും പവന് 1,31,160 രൂപയുമായിരുന്നു. പിന്നാലെ വൈകുന്നേരം പവന് 800 രൂപ കുറയുകയും ചെയ്തു.



# വിജ്ഞാനകേരളം പദ്ധതിയിൽ പ്രൊഫഷണലുകളായ ഒരു ലക്ഷം പ്രവാസികൾ മെന്റർമാരാകുമെന്ന് തോമസ് ഐസക്

## പ്ലസ് വൺ, പ്ലസ് ടു ക്ലാസുകൾ ഉച്ചയ്ക്ക് ശേഷം മുഴുവനായും നൈപുണി പരിശീലനത്തിന് നീക്കിവെക്കാൻ ആലോചന

തൊഴിൽ മേഖലയ്ക്ക് അനുയോജ്യമാക്കും വിധം യുവതലമുറയ്ക്ക് നൈപുണി പരിശീലനം നൽകുന്ന വിജ്ഞാനകേരളം പദ്ധതിയിൽ പ്രൊഫഷണലുകളായ ഒരു ലക്ഷം പ്രവാസികൾ മെന്റർമാരാകുമെന്ന് മുൻ ധനകാര്യമന്ത്രിയും വിജ്ഞാനകേരളം പദ്ധതിയുടെ മുഖ്യ ഉപദേഷ്ടാവുമായ തോമസ് ഐസക്.

ലോകകേരള സഭയിൽ 'പുതുതലമുറ പ്രവാസവും വിജ്ഞാന നൈപുണ്യ വിനിമയ സാധ്യതകളും' എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തെ ബഹുദൂരം മുന്നോട്ടുനയിച്ച സാക്ഷരത പദ്ധതി പോലെ പ്രധാനപ്പെട്ട ഈ പദ്ധതി അടുത്ത വർഷം നടപ്പിലാക്കുമെന്ന് ഐസക് വ്യക്തമാക്കി. അടുത്ത വർഷം കേരളത്തിലെ എല്ലാ കോളജുകളുടെയും പൂർവ്വവിദ്യാർത്ഥി സംഘടനകളുടെ യോഗം വിളിച്ചു ചേർത്തു ഇക്കാര്യം ചർച്ച ചെയ്യും. കേരളത്തിന് പുറത്തും ഇന്ത്യയ്ക്ക് പുറത്തുമായി പ്രൊഫഷണലുകളായ അനവധി പ്രവാസികളുണ്ട്. അവരുടെ സേവനമാണ് ഇതിനായി ഉപയോഗിക്കുക. ഓൺലൈൻ വഴി ക്ലാസുകൾ, സോഫ്റ്റ് സ്കിൽസ് നൽകാനാണ് ഉദ്ദേശിക്കുന്നത്.

യുവതലമുറയ്ക്ക് നൈപുണി പരിശീലനം നൽകി അവരെ വിദേശത്തേക്ക് അയക്കുക എന്നതല്ല ലക്ഷ്യമെന്ന് തോമസ് ഐസക് വിശദീകരിച്ചു. 'നൈപുണിയുടെ ഹബ്ബ് ആയി കേരളത്തെ മാറ്റുകയും അതുവഴി വ്യവസായ നിക്ഷേപങ്ങളെ ഇങ്ങോട്ടേക്ക് ആകർഷിക്കുകയുമാണ് ലക്ഷ്യം. ഫാർമ വ്യവസായത്തിന്റെ കേന്ദ്രം ഹൈദരാബാദ് ആയതുപോലെ, ഐടിയുടെ കേന്ദ്രം ബംഗ്ലൂരു ആയതുപോലെ കേരളത്തെ നൈപുണി കേന്ദ്രമാക്കി മാറ്റും.

ആശയവിനിമയമാണ് കേരളത്തിന് പുറത്തേക്ക് പോകുന്ന മലയാളികൾ നേരിടുന്ന പ്രധാന പ്രശ്നമെന്ന് ചർച്ചയിൽ പങ്കെടുത്ത പ്രവാസികൾ ചൂണ്ടിക്കാട്ടി. പുതിയ കാലത്ത് ഭാഷാ പഠനം വളരെ പ്രധാനപ്പെട്ടതാണെന്നും ഇതിനായി സംസ്ഥാനത്തെ 45 കേന്ദ്രങ്ങളിൽ കമ്മ്യൂണിക്കേഷൻ പരിശീലനം നൽകി വരുന്നുണ്ടെന്നും ഐസക് മറുപടി പറഞ്ഞു.

പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ ഉച്ചയ്ക്ക് ശേഷം മുഴുവനായും നൈപുണി പരിശീലനത്തിന് നീക്കിവെക്കാൻ ആലോചനയുണ്ടെന്ന് തൊഴിൽ, നൈപുണി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എസ് ഷാനവാസ് അറിയിച്ചു. സംസ്ഥാനത്ത് 200 ൽ കൂടുതൽ നൈപുണി പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലായി 10,300 പേരാണ് കഴിഞ്ഞ വർഷം പ്രവേശനം നേടിയത്. നാട്ടിൽ ഐടിഐ കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ജർമ്മനിയിൽ നല്ല ഡിമാന്റുണ്ട്. പക്ഷെ, ജർമൻ ഭാഷ അറിഞ്ഞിരിക്കണം. ഭാഷാ പരിജ്ഞാനം നിർണായകമാണ്.

വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികൾ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ഈ അഭിപ്രായങ്ങൾ ക്രോഡീകരിച്ചു ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുമെന്ന് ചർച്ചയിൽ പങ്കെടുത്ത വനം-വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മിൻഹാജ് ആലം മറുപടി നൽകി.



അഞ്ചാമത് ലോക കേരള സഭായോടനുബന്ധിച്ച് 'നവകേരള നിർമ്മിതിയിൽ പ്രവാസികളുടെ പങ്ക്' എന്ന വിഷയത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ സംഘടിപ്പിച്ച ഓപ്പൺ ഫോറത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു സംസാരിക്കുന്നു

# അയ്യൻകാളി സ്പോർട്സ് സ്കൂൾ സെലക്ഷൻ ട്രയൽ

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന അയ്യൻകാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ പട്ടികജാതി/ പട്ടികവർഗ വിഭാഗത്തിൽ കായിക മേഖലയിൽ മുന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്കായി 2026-27 അധ്യയന വർഷത്തിൽ 5, 11 ക്ലാസുകളിലേയ്ക്കും, നിലവിൽ ഒഴിവുള്ള 6, 7, 8, 9 ക്ലാസുകളിലേക്കുമുള്ള സെലക്ഷൻ ട്രയൽ ഫെബ്രുവരി 2 മുതൽ 26 വരെ കേരളത്തിലെ 14 ജില്ലകളിലായി നടക്കും. അത്‌ലറ്റിക്സ്, ഫുട്ബോൾ, ജൂഡോ, റസലിംഗ്, ജിംനാസ്റ്റിക്സ് (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും) എന്നീ ഇനങ്ങളിലായാണ് സെലക്ഷൻ. നിലവിൽ 4, 10 ക്ലാസുകളിൽ പഠിയ്ക്കുന്ന കുട്ടികൾ സ്കൂൾ മേധാവിയുടെ സാക്ഷ്യപത്രം, 3 ഫോട്ടോ, ജാതി, ജനന സർട്ടിഫിക്കറ്റ്, ആധാർ എന്നിവയുടെ പകർപ്പ് ഉൾപ്പെടെ താഴെ പറയുന്ന വേദികളിൽ അതാത് ജില്ലയിലുള്ളവർ എത്തിച്ചേരണം. ഇപ്പോൾ 5, 6, 7, 8 ക്ലാസ്സുകളിൽ പഠിയ്ക്കുന്ന കുട്ടികൾക്ക് അടുത്ത അധ്യയന വർഷത്തിൽ 6, 7, 8, 9 ക്ലാസ്സുകളിലേയ്ക്ക് പ്രവേശനം നൽകും. 8, 9, 11 ക്ലാസുകളിലെ പ്രവേശനം ഫിസിക്കൽ ടെസ്റ്റ്, സ്കിൽ ടെസ്റ്റ് എന്നിവയുടെ അടിസ്ഥാനത്തിലും, 5, 6, 7 ക്ലാസുകളിലേയ്ക്ക് ഫിസിക്കൽ ടെസ്റ്റിന്റെ അടിസ്ഥാനത്തിലുമാണ് സെലക്ഷൻ. കാസർഗോഡ് മുൻസിപ്പൽ സറ്റേഡിയത്തിൽ ഫെബ്രുവരി 2 നും കണ്ണൂർ സെൻട്രൽ ജയിൽ ഗ്രൗണ്ടിൽ 3 നും കോഴിക്കോട് ഗവ. ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ 4 നും വയനാട് ഡബ്ല്യൂ.എം.ഒ കോളേജിൽ 5 നും മലപ്പുറം വണ്ടൂർ വി.എം.സി.എച്ച്.എസ്.എസിൽ 6 നും, പാലക്കാട് വിക്ടോറിയ കോളേജിൽ 7 നും തൃശൂർ തോപ്പ് സെന്റ് തോമസ് കോളേജ് സ്റ്റേഡിയത്തിൽ 9 നും എറണാകുളം തേവര സേക്രട്ട് ഹാർട്ട് കോളേജിൽ 10 നും ഇടുക്കി, മൂലമറ്റം സെന്റ് തോമസ് കോളേജിൽ 11 നും കോട്ടയം പാല മുനിസിപ്പൽ സ്റ്റേഡിയത്തിൽ 13 നും ആലപ്പുഴ പുന്നപ്ര എം.ആർ.എസിൽ 14 നും പത്തനംതിട്ട കൊടുമൺ ഇ.എം.എസ് സ്റ്റേഡിയത്തിൽ 24 നും കൊല്ലം, കൊട്ടാരക്കര ഗവ. ബോയ്സ് എച്ച്.എസ്.എസിൽ 25 നും തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജ് ഗ്രൗണ്ടിൽ 26 നും രാവിലെ 8 മുതലാണ് സെലക്ഷൻ ട്രയൽ. കൂടുതൽ വിവരങ്ങൾക്ക് : 7356075313, 9744786578.

# വാക് ഇൻ ഇന്റർവ്യു

നാഷണൽ ആയുഷ് മിഷൻ, തിരുവനന്തപുരം ജില്ലയിലെ പദ്ധതികളിലേക്ക് സ്പീച്ച് തെറാപ്പിസ്റ്റ്, സൈക്കോതെറാപ്പിസ്റ്റ് തസ്തികകളിൽ ഫെബ്രുവരി 12 രാവിലെ 10 മുതൽ അഭിമുഖം നടത്തുന്നു. ബി.എ.എസ്.എൽ.പിയാണ് സ്പീച്ച് തെറാപിസ്റ്റിനുള്ള യോഗ്യത. സൈക്കോളജി/ അപ്ലൈഡ് സൈക്കോളജി, ക്ലിനിക്കൽ സൈക്കോളജിയിലെ എം.എസ്.സിയാണ് സൈക്കോതെറാപിസ്റ്റിനുള്ള യോഗ്യത.

യോഗ്യതയുള്ളവർ വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ൦൦൦.ിമാ.സല്യമഹമ.ഴീ.ശി നിന്ന് ലഭിക്കുന്ന അപേക്ഷാഫോം പൂരിപ്പിച്ച് ആയുർവേദ കോളജിന് സമീപമുള്ള ആരോഗ്യഭവൻ അഞ്ചാംനിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രോഗ്രാം മാനേജരുടെ ഓഫീസിൽ (നാഷണൽ ആയുഷ് മിഷൻ) നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണം. ഉദ്യോഗാർഥികൾ അപേക്ഷ കവറിന്റെ പുറത്തും അപേക്ഷയിലും അപേക്ഷിക്കുന്ന തസ്തിക വ്യക്തമായി രേഖപ്പെടുത്തണം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 10 വൈകിട്ട് 5. പൂജപ്പുര സർക്കാർ ആയുർവേദ കോളജ് സ്തീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വച്ചാണ് വാക് ഇൻ ഇന്റർവ്യു. കൂടുതൽ വിവരങ്ങൾക്ക്: www.nam.kerala.gov.in

# എൽ എൽ എം കോഴ്സ്പ്രവേശനം: റീഫണ്ടിന് അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

എൽ എൽ എം കോഴ്സിലേക്ക് അപേക്ഷിച്ച വിദ്യാർത്ഥികളിൽ റീഫണ്ടിന് അർഹരായവരുടെ ലിസ്റ്റ് ൦൦൦.രലല.സല്യമഹമ.ഴീ.ശി ൽ എൽ എൽ എം 2025- കാൻഡിഡേറ്റ് പോർട്ടലിൽ പ്രസിദ്ധീകരിച്ചു. അർഹരായ വിദ്യാർത്ഥികൾ കാൻഡിഡേറ്റ് പോർട്ടലിൽ ലോഗിൻ ചെയ്തു അവരവരുടെ അക്കൌണ്ട് വിവരങ്ങൾ പരിശോധിച്ച് സ്ഥിരീകരിക്കുന്നതിനായി ഫെബ്രുവരി 4 വൈകിട്ട് 5 വരെ സമയമുണ്ട്. വിശദ വിവരങ്ങൾക്ക്: 0471-2332120, 0471-2338487, 0471-2525300.

# സ്പോർട്സ് സ്കൂൾ, സ്പോർട്സ് അക്കാദമി സെലക്ഷൻ

സംസ്ഥാന കായിക യുവജനകാര്യാലയത്തിന്റെയും, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും കീഴിൽ വിവിധ ജില്ലകളിലായി പ്രവർത്തിച്ചു വരുന്ന സ്പോർട്സ് സ്കൂളുകൾ, ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ സ്പോർട്സ് അക്കാദമികൾ എന്നിവിടങ്ങളിലേക്ക് 2026-27 അധ്യയന വർഷത്തെ അഡ്മിഷനുള്ള പ്രാഥമിക സെലക്ഷൻ ഫെബ്രുവരി 1 മുതൽ 8 വരെ വിവിധ ജില്ലകളിലെ തെരഞ്ഞെടുത്ത സെന്ററുകളിൽ നടക്കും.

6, 7, 8, 11 ക്ലാസ്സുകളിലേക്ക് പൊതുവായ സെലക്ഷനും, 9, 10 ക്ലാസ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ലാറ്ററൽ എൻട്രിയ്ക്കായി സംസ്ഥാനതലത്തിൽ മെഡൽ നേടിയവർക്കും സെലക്ഷൻ നടത്തും. 7 മുതൽ 11 വരെ ക്ലാസ്സുകളിലേക്ക് അത്‌ലറ്റിക്സ്, ആർച്ചറി, ബാസ്ക്കറ്റ്ബോൾ, ബോക്സിംഗ്, ക്രിക്കറ്റ് (പെൺകുട്ടികൾ), ഫെൻസിംഗ്, ഫുട്ബോൾ, ഹാന്റ്ബോൾ, ഹോക്കി, ജൂഡോ, കബഡി, ഖൊ-ഖൊ, നെറ്റ്ബോൾ, സ്വിമ്മിംഗ്, തയ്ക്വാൺഡോ, വോളിബോൾ, റെസലിംഗ്, കനോയിംഗ്, കയാക്കിംഗ്, റോവിംഗ് എന്നീ ഇനങ്ങളിലേക്ക് കായിക ക്ഷമതയുടെയും, അതത് കായിക ഇനത്തിലുള്ള മികവിന്റെയും അടിസ്ഥാനത്തിലാണ് സെലക്ഷൻ നടത്തുന്നത്. 6-ാം ക്ലാസ്സിലേക്ക് കായിക ക്ഷമതയുടെ അടിസ്ഥാനത്തിലാണ് സെലക്ഷൻ.2026 ഫെബ്രുവരി 1 ന് തൃശൂർ, ആലപ്പുഴ ഫെബ്രുവരി 2 ന്എറണാകുളം, പാലക്കാട്, ഫെബ്രുവരി 3 ന് പാല (കോട്ടയം), മലപ്പുറം ഫെബ്രുവരി 4 ന് കോഴിക്കോട്, ഫെബ്രുവരി 5 ന് നെടുങ്കണ്ടം (ഇടുക്കി), ഫെബ്രുവരി 6 ന് കൽപ്പറ്റ (വയനാട്), പത്തനംതിട്ട, ഫെബ്രുവരി 7 ന് കൊല്ലം, തലശ്ശേരി (കണ്ണൂർ) ഫെബ്രുവരി 8 ന് ജി.വി രാജ സ്പോർട്സ് സ്കൂൾ, മൈലം (തിരുവനന്തപുരം), നീലേശ്വരം (കാസറഗോഡ്) എന്നിവിടങ്ങളിലാണ് സെലക്ഷൻ നടത്തുന്നത്.സെലക്ഷനിൽ താല്പര്യമുള്ള കുട്ടികൾ www.sportscouncil.kerala.gov.in, www.dsya.keral.gov.in വെബ്സൈറ്റുകളിൽ രജിസ്റ്റർ ചെയ്യണം. പ്രാഥമിക സെലക്ഷൻ ലഭിക്കുന്ന കായികതാരങ്ങൾ ഏപ്രിലിൽ നടക്കുന്ന ഒരാഴ്ചത്തെ ഫൈനൽ സെലക്ഷൻ ക്യാമ്പിൽ പങ്കെടുക്കണം. ക്യാമ്പിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. റാങ്ക് ലിസ്റ്റിന്റെ ക്രമമനുസരിച്ച് കായികതാരങ്ങൾക്ക് പരിശീലന കേന്ദ്രം തെരഞ്ഞെടുക്കാം. സെലക്ഷനിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ അന്നേ ദിവസം രാവിലെ 8.30 ന് ആധാർ കാർഡ്, 2 പാസ്പോർട്ട് സൈസ് ഫോട്ടോ, സ്പോർട്സ് ഡ്രസ്സ് എന്നിവ സഹിതം സെലക്ഷൻ സെന്ററിൽ എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക്: 0472- 289100, 0472 289220, 0471 2330167 .

# യുദ്ധവും ദുരന്തവും മത്സര റിപ്പോർട്ടിങ്ങിനുള്ള വേദിയല്ല: മാധ്യമപ്രവർത്തക അഞ്ജന ശങ്കർ

യുദ്ധവും ദുരന്തവും മത്സര റിപ്പോർട്ടിങ്ങിനുള്ള വേദിയല്ലെന്നും അത്തരം വാർത്തകൾ നൽകുമ്പോൾ ധാർമ്മികത പാലിക്കണമെന്നും സെൻസേഷണലിസം ഒഴിവാക്കണമെന്നും രാജ്യാന്തര മാധ്യമപ്രവർത്തക അഞ്ജന ശങ്കർ. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് തിരുവനന്തപുരം മസ്കോട്ട് ഹോട്ടലിൽ സംഘടിപ്പിച്ച സംസ്ഥാന മാധ്യമ ദിനാഘോഷത്തിൽ 'സംഘർഷ ഭൂമിയിൽ നിന്നുള്ള റിപ്പോർട്ടിങ്' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അവർ.

യുക്രൈൻ, അഫ്ഗാനിസ്ഥാൻ, യെമൻ, സിറിയ, ഇസ്രയേൽ തുടങ്ങിയ സംഘർഷഭരിതമായ സ്ഥലങ്ങളിൽ റിപ്പോർട്ട് ചെയ്ത അനുഭവങ്ങൾ മലയാളിയായ അഞ്ജന ശങ്കർ മാധ്യമ വിദ്യാർത്ഥികളുമായി പങ്കുവെച്ചു. യുദ്ധമുഖത്ത് റിപ്പോർട്ട് ചെയ്യുമ്പോൾ മാധ്യമപ്രവർത്തകർ തങ്ങളുടെ സുരക്ഷയ്ക്കാണ് പ്രഥമ പരിഗണന നൽകേണ്ടത്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള റിപ്പോർട്ടിംഗ് രീതികൾ ഒഴിവാക്കണം. ബ്രേക്കിംഗ് ന്യൂസുകൾ നൽകാനുള്ള തിടുക്കത്തിൽ വാർത്തകളുടെ വിശ്വാസ്യത നഷ്ടപ്പെടരുത്. റിപ്പോർട്ട് ചെയ്യുന്ന വിഷയത്തിനും അതിലെ മനുഷ്യർക്കുമാണ് എപ്പോഴും പ്രാധാന്യം നൽകേണ്ടത്. യുദ്ധസമയത്ത് ലഭിക്കുന്ന വിവരങ്ങൾ പല സ്രോതസ്സുകളിൽ നിന്ന് സ്ഥിരീകരിച്ചു മാത്രമേ വാർത്തകൾ നൽകാവൂ. ആക്ടിവിസവും ജേണലിസവും രണ്ടാണെന്ന ബോധ്യമുണ്ടാവണം. സംഘർഷ മേഖലയിലെ മാധ്യമ പ്രവർത്തനം സാഹസികതയല്ല മറിച്ച് കൃത്യമായ മുൻകരുതലുകളോടെ ചെയ്യേണ്ട ഉത്തരവാദിത്തമാണെന്നും അവർ അഭിപ്രായപ്പെട്ടു.

എളിമയും സഹാനുഭൂതിയുമാണ് ഒരു കോൺഫ്ലിക്റ്റ് റിപ്പോർട്ടർക്ക് വേണ്ട ഏറ്റവും പ്രധാനപ്പെട്ട ഗുണങ്ങൾ. യെമനിലെ കുഴിബോംബ് സ്ഫോടനത്തിൽ പരിക്കേറ്റ കുട്ടിയെക്കുറിച്ചുള്ള വാർത്ത റിപ്പോർട്ട് ചെയ്തപ്പോൾ നേരിട്ട ധാർമ്മിക പ്രതിസന്ധികൾ അവർ വിവരിച്ചു. വാർത്തകൾക്ക് വേണ്ടി മനുഷ്യത്വവിരുദ്ധമായ ദൃശ്യങ്ങൾ പകർത്താതിരിക്കാൻ മാധ്യമപ്രവർത്തകർ ശ്രദ്ധിക്കണം. വാർത്താമുറികളിൽ പെൺകുട്ടികളുടെ സാന്നിധ്യം വർധിച്ചുവരുന്നത് വളരെ പ്രതീക്ഷ നൽകുന്ന കാര്യമാണെന്നും അഞ്ജന ശങ്കർ കൂട്ടിച്ചേർത്തു.ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി വി സുഭാഷ് സംസ്ഥാന മാധ്യമ ദിനാഘോഷം ഉദ്ഘാടനം ചെയ്തു. ഐ പി ആർ ഡി അഡിഷണൽ ഡയറക്ടർ കെ ജി സന്തോഷ് സ്വാഗതവും അഡിഷണൽ ഡയറക്ടർ വി പി പ്രമോദ് കുമാർ നന്ദിയും അറിയിച്ചു. കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന സെക്രട്ടറി ബി അഭിജിത്, ജില്ലാ പ്രസിഡന്റ് ഷില്ലർ സ്റ്റീഫൻ എന്നിവർ സംസാരിച്ചു. സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെയും സ്ഥാപനങ്ങളിലെയും മാധ്യമ വിദ്യാർത്ഥികൾ പങ്കെടുത്തു.


സംസ്ഥാന മാധ്യമ ദിനാഘോഷം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് സ്പെഷ്യൽ സെക്രട്ടറി ടി വി സുഭാഷ് ഉദ്ഘാടനം ചെയ്യുന്നു. മാധ്യമപ്രവർത്തക അഞ്ജന ശങ്കർ, ഐ പി ആർ ഡി അഡിഷണൽ ഡയറക്ടർമാരായ കെ ജി സന്തോഷ്, വി പി പ്രമോദ് കുമാർ എന്നിവർ സമീപം.

# പ്രവാസികൾക്ക് ഇന്ന് നാടിന്റെ ജനാധിപത്യ പ്രക്രിയയിൽ കൃത്യമായ പങ്കാളിത്തമുണ്ട്: സ്പീക്കർ എ. എൻ. ഷംസീർ

ഭൗതികമായി നാട്ടിലില്ലാത്തതിനാൽ ഭരണകൂടത്തിന്റെ പരിഗണനകളിൽ നിന്ന് മുൻപ് പുറത്തായിപ്പോയ പ്രവാസികൾക്ക് ഇന്ന് നാടിന്റെ ജനാധിപത്യ പ്രക്രിയയിൽ കൃത്യമായ പങ്കാളിത്തമുണ്ടെന്നു സ്പീക്കർ എ. എൻ. ഷംസീർ. ലോക കേരള സഭയുടെ അഞ്ചാം പതിപ്പിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു സ്പീക്കർ.

പ്രവാസികളെ നമ്മുടെ ജനാധിപത്യത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിൽ ലോക കേരള സഭ വലിയ വിജയമാണെന്നും കേരളത്തിന്റെ ഈ മാതൃക പിന്തുടരാൻ കേന്ദ്ര സർക്കാർ മറ്റു സംസ്ഥാനങ്ങളോട് നിർദ്ദേശിക്കുന്നത് അഭിമാനകരമാണെന്നും സ്പീക്കർ പറഞ്ഞു.

'കേരളം ഇന്ന് ചിന്തിക്കുന്നത് ഇന്ത്യ നാളെ ചിന്തിക്കുന്നു' എന്ന വാചകം അക്ഷരാർത്ഥത്തിൽ ശരിവെക്കുന്ന രീതിയിലാണ് സഭയുടെ പ്രവർത്തനങ്ങൾ.

പുനരധിവാസത്തിൽ മാത്രം ഒതുങ്ങിനിന്നിരുന്ന പ്രവാസികളുമായി ബന്ധപ്പെട്ട ഭരണനിർവഹണ സംവിധാനത്തെ വിദേശത്ത് താമസിക്കുന്ന മലയാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന നിലയിലേക്ക് വിപുലീകരിക്കാൻ കേരളത്തിന് സാധിച്ചു. 351 അംഗങ്ങളുള്ള ഈ സഭയിൽ ഗാർഹിക തൊഴിലാളികൾ, മതിയായ രേഖകളില്ലാത്തവർ, തിരിച്ചുവരവിൽ പ്രയാസം നേരിടുന്നവർ തുടങ്ങി അരികുവൽക്കരിക്കപ്പെട്ടവരുടെ ശബ്ദം ഉൾപ്പെടെ കേൾക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നുണ്ടെന്നും സ്പീക്കർ പറഞ്ഞു.

വ്യവസായം, സ്റ്റാർട്ടപ്പുകൾ, ടൂറിസം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പ്രവാസി നിക്ഷേപവും പങ്കാളിത്തവും വർദ്ധിപ്പിക്കാൻ ലോക കേരള സഭ നിമിത്തമാകും. ഭാഷയും സാഹിത്യവും ഉൾപ്പെടെയുള്ള മേഖലകളിലും പ്രവാസികളുടെ സംഭാവനകൾ വളർത്തിയെടുക്കാൻ സാധിക്കും. പ്രവാസികളുടെ അറിവും കഴിവും നവകേരള നിർമ്മിതിക്കായി പ്രയോജനപ്പെടുത്തുക എന്നതാണ് സഭയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. മാറുന്ന പ്രവാസ ഭൂമികയ്ക്ക് അനുസൃതമായി ഭരണനിർവഹണ സംവിധാനങ്ങൾ പരിഷ്കരിക്കണമെന്നും അഞ്ചാം ലോക കേരള സഭയിൽ നിന്നുണ്ടാകുന്ന ക്രിയേറ്റീവ് ആയ ആശയങ്ങൾ കേരളത്തിന്റെ കുതിപ്പിന് വേഗത കൂട്ടുമെന്നും സ്പീക്കർ കൂട്ടിച്ചേർത്തു.

ലോക കേരള സഭ ലോകരാജ്യങ്ങൾക്കിടയിൽ കേരളത്തിന്റെ ഒരു പാലമായി മാറിയെന്ന് സമ്മേളനത്തിൽ ജലസേചന വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. സംസ്ഥാനത്തിന്റെ വികസനത്തിൽ പ്രവാസികൾ വെറും കാഴ്ചക്കാരല്ല, മറിച്ച് തുല്യ പങ്കാളികളാണെന്ന ബോധ്യം ഈ സഭയിലൂടെ കൈവന്നു. നാടിന്റെ വികസനത്തോടൊപ്പം ചേർന്നു നിൽക്കാനുള്ള പ്രവാസികളുടെ സന്നദ്ധത ഗവൺമെന്റിന് വലിയ ഊർജ്ജമാണ് നൽകുന്നതെന്നും മന്ത്രി പറഞ്ഞു.

ലോകത്തിന്റെ വിവിധ കോൺകളിലിരുന്നും കേരളത്തിലെ സ്വന്തം മണ്ണുമായി ബന്ധപ്പെട്ട റവന്യൂ ഇടപാടുകൾ സുതാര്യമായും വേഗത്തിലും പൂർത്തിയാക്കാൻ സാധിക്കുന്ന വിധത്തിൽ കേരളത്തിൽ വിവര-സാങ്കേതിക വിദ്യയുടെ തേരിലേറികൊണ്ടുള്ള വികസന മുന്നേറ്റം നടക്കുകയാണെന്ന് സമ്മേളനത്തിൽ റവന്യു മന്ത്രി കെ. രാജൻ പറഞ്ഞു. ഭൂമി ഇടപാടുകളിലെ ഏജന്റ്മാരുടെ ഇടപെടൽ ഒഴിവാക്കണമെന്ന രണ്ടാം ലോക കേരള സഭയിലെ പ്രവാസികളുടെ ആവശ്യം മൂന്നാം സഭയിൽ പോർട്ടലായി യാഥാർത്ഥ്യമായെന്നും, അഞ്ചാമത് ലോക കേരള സഭയിലേക്കു എത്തുമ്പോൾ പത്തു രാജ്യങ്ങളിൽ നിന്നുള്ള ആളുകൾക്ക് അവിടെ ഇരുന്നു തന്നെ റവന്യുവുമായി ബന്ധപ്പെട്ട ഇടപാടുകൾ നിർവഹിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകുന്നു.

റവന്യൂ, രജിസ്ട്രേഷൻ, സർവേ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിച്ചു കൊണ്ടുള്ള 'ഇന്റഗ്രേറ്റഡ് ലാൻഡ് മോണിറ്ററിംഗ് സിസ്റ്റം' (കഘങട) ഇന്ത്യയിൽ തന്നെ കേരളമാണ് ആദ്യമായി നടപ്പിലാക്കുന്നത്. റിലീസ് (റവന്യൂ), പേൾ (രജിസ്ട്രേഷൻ), ഇമാപ്പ് (സർവേ) എന്നീ മൂന്ന് പോർട്ടലുകളെയും 'എന്റെ ഭൂമി' എന്ന ഒറ്റ കുടക്കീഴിൽ കൊണ്ടുവന്നു. പ്രവാസികൾക്ക് അവർ വാങ്ങുന്ന ഭൂമിയുടെ അതിരുകൾ തിരിച്ചറിയാനും, ബാധ്യതാ സർട്ടിഫിക്കറ്റ് (ഋഇ) പരിശോധിക്കാനും എല്ലാം ഇന്ന് വേഗത്തിൽ സാധിക്കുന്നുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# മട്ടന്നൂരിൽ ഗ്ലോബൽ ഗോൾഡ് സിറ്റി: ഗോൾഡ്സിക്ക പ്രൈവറ്റ് ലിമിറ്റഡുമായി കിൻഫ്ര ധാരണാപത്രത്തിൽ ഒപ്പുവച്ചു

## ധാരണാപത്രത്തിൽ ഒപ്പുവച്ചത് മന്ത്രി പി. രാജീവിൻറെ സാന്നിധ്യത്തിൽ

തിരുവനന്തപുരം: കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ ഗ്ലോബൽ ഗോൾഡ് സിറ്റി (ജിജിസി) എന്ന പേരിൽ ഒരു സ്മാർട്ട് ഇൻഡസ്ട്രിയൽ സിറ്റി സ്ഥാപിക്കുന്നതിനായി ഗോൾഡ്സിക്ക പ്രൈവറ്റ് ലിമിറ്റഡുമായി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് കോർപ്പറേഷൻ (കിൻഫ്ര) ധാരണാപത്രത്തിൽ ഒപ്പുവച്ചു.

സ്വർണത്തിൻറെ ശുദ്ധീകരണം മുതൽ വിപണനം വരെയുള്ള മുഴുവൻ വിപണി ശൃംഖലയെയും ഏകീകരിക്കുന്ന ഒരു സ്മാർട്ട് ഇൻഡസ്ട്രിയൽ സിറ്റിയായാണ് ജിജിസി വിഭാവനം ചെയ്തിരിക്കുന്നത്.

വ്യവസായ, നിയമ, കയർ മന്ത്രി പി രാജീവിൻറെ സാന്നിധ്യത്തിൽ കിൻഫ്ര ചെയർമാൻ സന്തോഷ് കോശി തോമസും ഗോൾഡ്സിക്ക പ്രൈവറ്റ് ലിമിറ്റഡിൻറെ മാനേജിംഗ് ഡയറക്ടർ എസ്. തരുജും ധാരണാപത്രത്തിൽ ഒപ്പുവച്ചു.

3.5 ലക്ഷം കോടിയുടെ സാമ്പത്തിക വരുമാനം പ്രതീക്ഷിക്കുന്ന പദ്ധതിയിലൂടെ കേരളത്തിൻറെ സ്വർണ വ്യാപാരമേഖലയിൽ വലിയ തോതിലുള്ള നിക്ഷേപം കൊണ്ടുവരാൻ സാധിക്കുമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. ഇ.എസ്.ജി. നയം പാലിച്ചു കൊണ്ടുള്ള ഒരു പദ്ധതിയാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കരാർ പ്രകാരം കിൻഫ്രയുടെ കീഴിൽ മട്ടന്നൂരിൽ 1000 ഏക്കർ ഭൂമി നിർദ്ദിഷ്ട പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്.

വ്യവസായ, വാണിജ്യ അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടർ വിഷ്ണുരാജ് പി.എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

മൂന്ന് വർഷത്തിനുള്ളിൽ നേരിട്ടുള്ള ഒരു ലക്ഷം തൊഴിലവസരങ്ങളും അഞ്ച് വർഷത്തിനുള്ളിൽ ഒരു ദശലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കുന്ന പദ്ധതി പൂർത്തിയാകുമ്പോൾ അഞ്ച് വർഷത്തിനുള്ളിൽ 40-60 ബില്യൺ ഡോളർ വരുമാനം സൃഷ്ടിക്കുമെന്നും പ്രതീക്ഷിക്കുന്നു.

ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനിയാണ് ഗോൾഡ്സിക്ക പ്രൈവറ്റ് ലിമിറ്റഡ്.

സ്വർണത്തിൻറെ ശുദ്ധീകരണം, വോൾട്ടിംഗ് & ലോജിസ്റ്റിക്സ്, വ്യാപാര-നിർമ്മാണ മേഖല, ഡിജിറ്റൽ ഗോൾഡ് & ബ്ലോക്ക് ചെയിൻ ട്രേസബിലിറ്റി, പരിശീലനത്തിനും വൈദഗ്ധ്യത്തിനുമായുള്ള ഗോൾഡ് യൂണിവേഴ്സിറ്റി തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമാണ്.




**വ്യവസായ, നിയമ, കയർ മന്ത്രി പി. രാജീവിൻറെ സാന്നിധ്യത്തിൽ കിൻഫ്ര ചെയർമാൻ സന്തോഷ് കോശി തോമസും ഗോൾഡ്സിക്ക പ്രൈവറ്റ് ലിമിറ്റഡിൻറെ മാനേജിംഗ് ഡയറക്ടർ എസ്. തരുജും ഗ്ലോബൽ ഗോൾഡ് സിറ്റിയ്ക്കായുള്ള ധാരണാപത്രം കൈമാറുന്നു.വ്യവസായ, വാണിജ്യ അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടർ വിഷ്ണുരാജ് പി. എന്നിവർ സമീപം.**

# ദേശീയ ഗവേഷണ കോൺഫറൻസും ഹയർ എഡ്യൂക്കേഷൻ എക്സ്പോയും ഫെബ്രുവരി 9 മുതൽ

സംസ്ഥാന സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പും കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന ദേശീയ ഗവേഷണ കോൺഫറൻസും ഹയർ എഡ്യൂക്കേഷൻ എക്സ്പോയും ഫെബ്രുവരി 9 മുതൽ 11 വരെ തിരുവനന്തപുരം വഴുതക്കാട് ഗവ. വുമൺസ് കോളേജിൽ നടക്കുമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കഴിഞ്ഞ പത്ത് വർഷത്തിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ-ഗവേഷണ മേഖലകളിൽ കൈവരിച്ച വിപ്ലവകരമായ പുരോഗതിയും ആധുനികവൽക്കരണവും പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുകയാണ് മൂന്നു ദിവസത്തെ സംഗമത്തിന്റെ പ്രധാന ലക്ഷ്യം. ഗവേഷണ അടിസ്ഥാന സൗകര്യങ്ങൾ, ധനസഹായ സംവിധാനങ്ങൾ, അക്കാദമിക് ഔട്ട്പുട്ട് എന്നിവയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ പ്രദർശിപ്പിക്കുന്നതോടൊപ്പം പ്രമുഖ അക്കാദമിക് വിദഗ്ധരെയും ഗവേഷകരെയും ഒരു പ്ലാറ്റ്ഫോമിൽ എത്തിക്കാനും പരിപാടി വിഭാവനം ചെയ്യുന്നു.

ഫെബ്രുവരി ഒൻപതിന് പ്രീ-കോൺഫറൻസ് സെമിനാറുകളോടെയും തുടർന്ന് എക്സ്പോയുടെ ഉദ്ഘാടനത്തോടെയും പരിപാടികൾക്ക് തുടക്കമാകും. രണ്ടാം ദിവസം പത്ത് സമാന്തര വേദികളിലായി വിവിധ വിഷയങ്ങളിൽ ഗവേഷണ സെമിനാറുകളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കും. മൂന്നാം ദിവസം നടക്കുന്ന 'റീബിൽഡ് കേരള' ഗവേഷണ സെമിനാർ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രിയുടെ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് വിജയകരമായി പൂർത്തിയാക്കിയ ഗവേഷകർക്കുള്ള സർട്ടിഫിക്കറ്റുകൾ ചടങ്ങിൽ വിതരണം ചെയ്യും. ഗവേഷണ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന മികച്ച പോസ്റ്ററുകൾക്കും പ്രബന്ധങ്ങൾക്കും പ്രത്യേക പുരസ്കാരങ്ങളും നൽകുമെന്ന് മന്ത്രി അറിയിച്ചു.

പ്രൊഫ. പി. ബാലറാം (മുൻ ഡയറക്ടർ, ഐ.ഐ.എസ്.സി ബാംഗ്ലൂർ), പ്രൊഫ. എം.ആർ.എൻ. മൂർത്തി (മുൻ പ്രൊഫസർ, ഐ.ഐ.എസ്.സി ബാംഗ്ലൂർ), പ്രൊഫ. സി.പി. ചന്ദ്രശേഖർ (എമിരറ്റസ് പ്രൊഫസർ, ജെ.എൻ.യു ന്യൂഡൽഹി), പ്രൊഫ. രംഗനാഥ് അന്നഗൗഡ (മുൻ ഡയറക്ടർ, നാക് - ചഅഅഇ), പ്രൊഫ. ശരത് അനന്തമൂർത്തി (വൈസ് ചാൻസലർ, കുവെമ്പു സർവ്വകലാശാല), പ്രൊഫ. പ്രഭാത് പട്നായിക് (പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞൻ, ജെ.എൻ.യു) തുടങ്ങി നിരവധി പ്രമുഖർ മൂന്ന് ദിവസമായി നടക്കുന്ന സെമിനാറിൽ വിവിധ സെഷനുകളിൽ പങ്കെടുക്കും.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകമെമ്പാടുമുള്ള പ്രവാസി പണ്ഡിതരുമായി ബന്ധിപ്പിക്കുന്ന വിപ്ലവകരമായ 'സ്കോളർ കണക്ട്' (ടരവീഹമൃ ഇീിിലരേ) ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ ഉദ്ഘാടനം സെമിനാറിനോടനുബന്ധിച്ച് നടക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗവേഷണം നടത്തുന്ന പ്രവാസി പണ്ഡിതരുടെ അറിവും അനുഭവസമ്പത്തും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പ്രൊഫ. അജയൻ വിനു - യൂണിവേഴ്സിറ്റി ഓഫ് ന്യൂകാസിൽ, ഓസ്ട്രേലിയ, ഡോ. സക്കറിയ മാത്യു - യൂണിവേഴ്സിറ്റി ഓഫ് മിഷിഗൺ ഫ്ലിന്റ്, യു.എസ്.എ., പ്രൊഫ മോഹൻ ജേക്കബ് - ജെയിംസ് കുക്ക് യൂണിവേഴ്സിറ്റി, ഓസ്ട്രേലിയ, പ്രൊഫ വിനോദ് നമ്പൂതിരി - ലെഹൈ യൂണിവേഴ്സിറ്റി, യു.എസ്.എ., ശാരദ ബാലചന്ദ്രൻ നായർ സുമദേവി - ആർ.ഐ.കെ.ഇ.എൻ, ജപ്പാൻ., ഡോ. ദീപക് പത്മനാഭൻ - ക്വീൻസ് യൂണിവേഴ്സിറ്റി ബെൽഫാസ്റ്റ്, യുകെ തുടങ്ങിയ ലോകോത്തര സർവ്വകലാശാലകളിൽ നിന്നും ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രമുഖർ നേരിട്ടും ഓൺലൈനായും സെമിനാറിൽ പങ്കെടുക്കും. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും, അന്താരാഷ്ട്ര തലത്തിലുള്ള മികച്ച ഗവേഷണ മാതൃകകൾ കേരളത്തിൽ നടപ്പിലാക്കുന്നതിനും 'സ്കോളർ കണക്ട്' അവസരമൊരുക്കും.

നിലവിൽ സംസ്ഥാനത്തെ അഫിലിയേറ്റഡ് കോളേജുകളിലായി 3,733 റിസർച്ച് ഗൈഡുമാരും സർവകലാശാലകളിൽ 640 പേരും പ്രവർത്തിക്കുന്നുണ്ട്, ഇത് കേരളത്തിന്റെ വിപുലമായ ഗവേഷണ അടിത്തറയെയാണ് സൂചിപ്പിക്കുന്നത്. ഗവേഷണ സൗകര്യങ്ങൾ നവീകരിക്കുന്നതിനായി കിഫ്ബി (ഗകകഎആ), റൂസ (ഞഡടഅ), സ്റ്റേറ്റ് പ്ലാൻ ഫണ്ടുകൾ എന്നിവ വഴി ലബോറട്ടറികളും ലൈബ്രറികളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഓരോ കേന്ദ്രത്തിനും 30 കോടി രൂപ വീതം അനുവദിച്ചു കൊണ്ട് സർവകലാശാലകളിൽ പ്രഖ്യാപിച്ച 30 മികവിന്റെ കേന്ദ്രങ്ങളിൽ ഏഴെണ്ണം ഇതിനോടകം പ്രവർത്തനസജ്ജമായിക്കഴിഞ്ഞു. അതിലൊന്നാണ് കേരള നെറ്റ് വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യുക്കേഷൻ. ഇൻഫ്രാസ്ട്രക്ചർ ഷെയർ ചെയ്യുക. റിസർച്ച് ഗ്രാന്റ്, ഫെല്ലോഷിപ്പുകൾ എന്നിവയെക്കുറിച്ച് വിവരം നൽകുക, ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കാനും പേറ്റന്റ് നേടാനുമാവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകുക തുടങ്ങിയവയാണ് ഈ കേന്ദ്രത്തിന്റെ മുഖ്യലക്ഷ്യം. കൂടാതെ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ കീഴിലുള്ള 10 കേന്ദ്രങ്ങളും ഗവേഷണ രംഗത്ത് സജീവമാണ്. രാജ്യത്തെ തന്നെ ഏറ്റവും ഉയർന്ന പോസ്റ്റ്ഡോക്ടറൽ ഫെലോഷിപ്പുകളിൽ ഒന്നായ മുഖ്യമന്ത്രിയുടെ 'നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്' വഴി 10 മേഖലകളിലായി 175-ഓളം യുവ ഗവേഷകർക്ക് മികച്ച അവസരങ്ങൾ നൽകാൻ കഴിഞ്ഞു. ഈ ഇടപെടലുകളുടെ ഫലമായി 500-ലധികം ഉന്നത നിലവാരമുള്ള ഗവേഷണ പ്രബന്ധങ്ങൾ സംസ്ഥാനത്തെ ഗവേഷകർ പ്രസിദ്ധീകരിച്ചത് കേരളത്തിന്റെ അക്കാദമിക് മികവിന്റെ തെളിവാണ്.

ഈ അധ്യയന വർഷം മുതൽ നിലവിൽ വന്ന മുഖ്യമന്ത്രിയുടെ ഗവേഷണ ഫെലോഷിപ്പ്, മറ്റ് സാമ്പത്തിക സഹായങ്ങൾ ലഭിക്കാത്ത ഗവേഷകർക്ക് മാസാമാസം ധനസഹായം ഉറപ്പാക്കുന്ന പദ്ധതിയാണ്. ഇത് അർഹരായ എല്ലാ ഗവേഷകർക്കും വലിയ കൈത്താങ്ങായി മാറും. സംസ്ഥാനത്ത് നടപ്പിലാക്കിയ നാല് വർഷ ബിരുദ പ്രോഗ്രാമിലെ 'ഓണേഴ്സ് വിത്ത് റിസർച്ച്' എന്ന സവിശേഷമായ പാതയിലൂടെ, ബിരുദ തലത്തിൽ തന്നെ വിദ്യാർത്ഥികളെ ഗവേഷണ മേഖലയുമായി ബന്ധിപ്പിക്കുന്നു. ഇത് വിദ്യാർത്ഥികളിൽ തുടക്കം മുതലേ ഗവേഷണാഭിരുചി വളർത്താനും ഭാവിയിൽ കേരളത്തിന്റെ ഗവേഷണ അടിത്തറ കൂടുതൽ ശക്തിപ്പെടുത്താനും സഹായിക്കും.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ കരുത്തും നേട്ടങ്ങളും വിളിച്ചോതുന്ന രീതിയിലാണ് ദേശീയ ഗവേഷണ കോൺഫറൻസും ഹയർ എഡ്യൂക്കേഷൻ എക്സ്പോയും വിഭാവനം ചെയ്തിരിക്കുന്നത്. എക്സ്പോയുടെ ഭാഗമായി സർവകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും കഴിഞ്ഞ പത്ത് വർഷത്തെ തങ്ങളുടെ നേട്ടങ്ങളും നൂതന കണ്ടുപിടുത്തങ്ങളും പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കും. മികച്ച രീതിയിൽ തയ്യാറാക്കിയ എക്സിബിഷൻ സ്റ്റാളുകൾക്ക് പ്രത്യേക അഭിനന്ദന അവാർഡുകൾ നൽകും. കേരളത്തിലെ സർവകലാശാലകളിൽ നിന്നും കോളേജുകളിൽ നിന്നുമുള്ള അധ്യാപകരുടെയും ഗവേഷണ വിദ്യാർത്ഥികളുടെയും വൻ പങ്കാളിത്തം പ്രതീക്ഷിക്കുന്ന ഈ സമ്മേളനം, കേരളത്തെ ഒരു വിജ്ഞാന സമൂഹമായി മാറ്റുന്നതിലെ നിർണ്ണായക നാഴികക്കല്ലാകുമെന്ന് പ്രതീക്ഷിക്കുന്നതായി മന്ത്രി പറഞ്ഞു.

# ജാപ്പനീസ്-4 ലെവൽ ഭാഷ പഠിച്ചു വരൂ; ജപ്പാനിൽ കൈനിറയെ അവസരങ്ങൾ

ജാപ്പനീസ്-4 ലെവൽ ഭാഷ പഠിച്ചു ജപ്പാനിലേക്ക് വരൂ...അവിടെ അവസരങ്ങൾ നിറയെയാണ് എന്ന് പറയുന്നു 19 വർഷമായി ജപ്പാനിൽ ജീവിക്കുന്ന മലപ്പുറം മഞ്ചേരി ഒടോമ്പറ്റ സ്വദേശി നസീ മേലേത്തിൽ.ജപ്പാനിൽ ഐടി മാനേജ്മെന്റ് രംഗത്ത് ജോലി ചെയ്യുന്ന നസീ ലോകകേരള സഭയിൽ പങ്കെടുക്കാൻ എത്തിയതാണ്. 'ബ്ലൂ കോളർ ജോലികൾ ഉൾപ്പെടെ ചെയ്യാവുന്ന പുതിയ തരം വിസ 2018 ൽ ജപ്പാൻ അനുവദിച്ചിട്ടുണ്ട്. ഈ വിസയിൽ ഇപ്പോൾ ധാരാളം ആളുകളെ വേണം. ഈ അവസരം മലയാളികൾക്ക് പ്രയോജനപ്പെടുത്താം. വിസ ലഭിക്കാൻ ജാപ്പനീസ്-4 ലെവൽ ഭാഷ പഠിക്കണം. കെയർ ഗിവിങ്, കാർഷികമേഖല, നിർമാണം, ഫാക്ടറി എന്നീ രംഗങ്ങളിലാണ് ജപ്പാന് തൊഴിലാളികളെ വേണ്ടത്. അവിടെ കാർഷിക രംഗമൊക്കെ മുഴുവൻ യന്ത്രവത്കൃതമാണ്,' അവർ പറഞ്ഞു.2007 ൽ വിവാഹശേഷമാണ് ഭർത്താവിന്റെ ജോലിസ്ഥലമായ ജപ്പാനിലെ ടോക്യോയിൽ നസീ എത്തുന്നത്. ആ സമയം ടോക്യോയിൽ ആകെ 50 ഓളം മലയാളികളെ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ കൂടി. പക്ഷെ, പലരും ട്രാവൽ ഏജൻസികളുടെ തട്ടിപ്പിന് ഇരയാകുന്നുണ്ട്. അത് തടയാൻ നോർക്കയും ജപ്പാനിലെ സർക്കാർ ഏജൻസിയായ ജൈക്ക പോലുള്ള സംഘടനകളും നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടതുണ്ട്. അഞ്ചു വർഷത്തെ വിസയാണ് ജപ്പാൻ നിലവിൽ നൽകുന്നത്. ഇത് പൂർത്തിയാക്കുകയും ആ കാലയളവിൽ നൈപുണി രംഗത്ത് പുതിയ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്ന വിദേശികൾക്ക് പെർമനന്റ് റെസിഡൻസി വിസ ഉൾപ്പെടെ ലഭിക്കും.



**നസീ മേലേത്തിൽ ലോകകേരള സഭയിലെ സെഷനിൽ**

മലയാളം മീഡിയത്തിൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നാണ് നസീ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ഒടോമ്പറ്റ എൽ പി സ്കൂൾ, ചെമ്പ്രശ്ശേരി യു പി സ്കൂൾ, പാണ്ടിക്കാട് ഹൈസ്കൂൾ, എംഇഎസ് മണ്ണാർക്കാട് എന്നിവിടങ്ങളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ നസീ വയനാട് ഗവ. എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ഗവ. കോളേജ് ഓഫ് എഞ്ചിനീയറിംഗ് കണ്ണൂരിൽ നിന്നും ബി ടെകും പൂർത്തിയാക്കി. ഇതിനുശേഷം ബംഗ്ലൂരുവിൽ ഐടി മേഖലയിൽ ജോലി ചെയ്തുവരവെയായിരുന്നു വിവാഹം. നിലവിൽ ടോക്യോവിൽ ടൊയോട്ട നിർമിക്കുന്ന സിറ്റി പ്രോജക്റ്റിൽ സ്ട്രാറ്റജിക് പ്രോഗ്രാം മാനേജ്മെന്റ് ഹെഡ് ആണ്.

# ഉദ്യോഗാർത്ഥികൾക്ക് സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം

സംസ്ഥാന സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ഇന്ന് (ജനുവരി 30) തിരുവനന്തപുരം പാപ്പനംകോട് ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിൽ നടക്കുന്ന 'നിയുക്തി' - 2025-26 മെഗാ തൊഴിൽ മേളയിൽ ഐ.ടി, ഹോസ്പിറ്റാലിറ്റി, പാരാമെഡിക്കൽ, ഓട്ടോമൊബൈൽ, ഫിനാൻസ്, മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ നിന്നുള്ള 70 പ്രമുഖ കമ്പനികൾ  പങ്കെടുക്കും. എസ്.എസ്.എൽ.സി, പ്ലസ്ടു, ബിരുദം, ബിരുദാനന്തര ബിരുദം, ഐ.ടി.ഐ, ഡിപ്ലോമ, ബി.ടെക്, ജനറൽ നഴ്സിംഗ്, ഹോട്ടൽ മാനേജ്മെന്റ്, പാരാമെഡിക്കൽ, എം.ബി.എ, എം സി എ തുടങ്ങി വിവിധ യോഗ്യതയുള്ളവർക്ക് തൊഴിൽ മേളയിൽ അവസരമുണ്ട്. തൊഴിൽ പരിചയം ഉള്ളവർക്കും ഇല്ലാത്തവർക്കുമുള്ള അയ്യായിരത്തോളം ഒഴിവുകൾ ലഭ്യമാണ്. രജിസ്ട്രേഷൻ സൗജന്യമാണ്.  സ്പോട്ട് രജിസ്ടേഷൻ സൗകര്യവുമുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ളവർ അഡ്മിറ്റ് കാർഡും ബയോഡാറ്റയുമായി രാവിലെ 9 മണിയ്ക്ക് കോളേജിലെത്തണം.

# മാധ്യമ അവാർഡിന് 7 വരെ അപേക്ഷിക്കാം

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം നാലാം പതിപ്പിന്റെ ഭാഗമായുള്ള മാധ്യമ അവാർഡിന് അപേക്ഷിക്കുന്നതിനുള്ള സമയപരിധി ഫെബ്രുവരി 7 വൈകിട്ട് 4 വരെയായി ദീർഘിപ്പിച്ചു.

# ജി.ഐ.എസ്. സ്പെഷ്യലിസ്റ്റ്

സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് ജി.ഐ.എസ്. ലാബിലേക്ക് ജി.ഐ.എസ്. സ്പെഷ്യലിസ്റ്റ് തസ്തികയിൽ കരാർ നിയമനത്തിന് അഭിമുഖം നടത്തും. വിശദാംശങ്ങളും അപേക്ഷയുടെ മാതൃകയും ൦൦൦.ലി്.സേലൃമഹമ.ഴീ.ശി ൽ ലഭിക്കും. ഉദ്യോഗാർഥികൾ അപേക്ഷയും അനുബന്ധരേഖകളുമായി ഫെബ്രുവരി 7 രാവിലെ 10ന് ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ (നാലാം നില), തിരുവനന്തപുരം 695 001 വിലാസത്തിൽ എത്തിച്ചേരണം.

കൂടുതൽ വിവരങ്ങൾക്ക്: 0471-2326264, environmentdirectorate@gmail.com.

# ഹ്രസ്വകാല കോഴ്സുകൾ

ഐ.എച്ച്.ആർ.ഡി.യുടെ തിരുവനന്തപുരം മുട്ടട റീജിയണൽ സെന്ററിൽ ഉടൻ ആരംഭിക്കുന്ന ഹ്രസ്വകാല കോഴ്സുകളായ കരിയർ ഓറിയന്റേഷൻ വിത്ത് ഇന്റഗ്രേറ്റഡ് പേഴ്സണാലിറ്റി ഡെവലപ്മെന്റ് (2 മാസം, യോഗ്യത: പ്ലസ് ടു), ഐ.ടി എനേബിൾഡ് ട്രെയിനിംഗ് (ഒരാഴ്ച, യോഗ്യത: എട്ടാം ക്ലാസ്) കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. കൂടാതെ ഏകദിന ശില്പശാലകളായ ബേസിക് എ.ഐ വർക്ക്ഷോപ്പ്, അഡ്വാൻസ്ഡ് എ.ഐ വർക്ക്ഷോപ്പ്, എ.ഐ ടൂൾസ് ഫോർ സ്കൂൾ സ്റ്റുഡന്റ്സ്, ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ, അഡ്വാൻസ്ഡ് എം.എസ് എക്സൽ എന്നിവയും ലഭ്യമാണ്. വിശദ വിവരങ്ങൾക്ക്: 8547005087, 0471-2550612, 9496395544.

# ഫോട്ടോജേണലിസം പരീക്ഷാഫലം

കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ 14-ാം ബാച്ച് ഫോട്ടോജേണലിസം ഡിപ്ലോമ കോഴ്സിന്റെ പരീക്ഷാഫലം പ്രഖ്യാപിച്ചു. അക്കാദമി തിരുവനന്തപുരം സെന്ററിലെ വിവേക് പി ഒന്നാം റാങ്കിനും  കൊച്ചി സെന്ററിലെ ആരഭി കെ.വി രണ്ടാം റാങ്കിനും  നിരുപമ പി.എം മൂന്നാം റാങ്കിനും അർഹരായി. ആറ്റിങ്ങൽ അവനവഞ്ചേരി നിളയിൽ എം. പ്രദീപിന്റെയും കെ.പി. ശ്രീജയുടെയും മകനാണ്  ഒന്നാം റാങ്ക് നേടിയ വിവേക് പി.  തൃശൂർ നടുവിൽക്കര കുന്നപ്പശ്ശേരി വീട്ടിൽ കെ.എസ്. വിദ്യാധരന്റെയും പി.എസ് ചന്ദ്രമതിയുടെയും മകളാണ് രണ്ടാം റാങ്ക് നേടിയ ആരഭി കെ.വി. മൂന്നാം റാങ്ക് നേടിയ നിരുപമ  പി.എം കോഴിക്കോട് പന്തീരാങ്കാവ് സന്നിധാനം വീട്ടിൽ എം.പി അനിൽകുമാറിന്റെയും പി.എം. ശ്യാമയുടെയും മകളാണ്. പരീക്ഷാഫലം ൦൦൦.സാമ.മര.ശി ൽ ലഭിക്കും.

# ഡിസൈൻ വിദ്യാർഥികൾക്കുള്ള ബിരുദദാനം 1ന്

കൊല്ലം ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിലെ വിദ്യാർഥികളുടെ ബിരുദദാന ചടങ്ങ് ഫെബ്രുവരി 1ന് വൈകിട്ട് 4ന് ജഗതി ഡി.പി.ഐ ജംഗ്ഷനിലെ ജവഹർ സഹകരണ ഭവനിൽ പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഷാനവാസ് അധ്യക്ഷത വഹിക്കും. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിങ് ഡയറക്ടർ സുഫിയാൻ അഹമ്മദ് സ്വാഗതം പറയും. ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് മുഖ്യ പ്രഭാഷണം നടത്തും. വഴുതക്കാട് വാർഡ് കൗൺസിലർ അഡ്വ. രാഖി രവികുമാർ, കെ.എസ്.ഐ.ഡി. പ്രിൻസിപ്പൽ ഡോ. കെ. മനോജ്കുമാർ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.2026 യൂത്ത് ഒളിമ്പിക് ഗെയിംസ് മെഡൽ ഡിസൈനിങ് അന്താരാഷ്ട്ര മത്സരത്തിൽ മൂന്നാംസ്ഥാനം കരസ്ഥമാക്കിയ ഇന്ത്യയിലെ പ്രഥമ ജേതാവും കെ.എസ്.ഐ.ഡി. വിദ്യാർഥിനിയുമായ എലിസുബ ജോ എബ്രഹാമിനെ മന്ത്രി ആദരിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ലോക കേരള സഭ: പ്രവാസി മലയാളികൾക്ക് കരുതലേകാൻ ലക്ഷ്യമിട്ടുള്ള സുപ്രധാന പദ്ധതികൾ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു




ലോക കേരള സഭയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

പ്രവാസി മലയാളി സമൂഹത്തിന് കരുതലേകാൻ ലക്ഷ്യമിട്ടുള്ള സുപ്രധാന പദ്ധതികൾക്ക് അഞ്ചാം ലോക കേരള സഭയിൽ തുടക്കമായി. സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ, എയർപോർട്ട് ഹെൽപ്പ് ഡെസ്ക്, ഷെർപ്പ പോർട്ടൽ, ലോക കേരളം ഓൺലൈൻ സേവനങ്ങളുടെ വിപുലീകരണം എന്നിവ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. നോർക്കയുടെ പ്രവർത്തന നേട്ടങ്ങൾ ഉൾക്കൊള്ളിച്ച് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കിയ കോഫി ടേബിൾ ബുക്കിന്റെ പ്രകാശനവും ചടങ്ങിൽ നടന്നു. ജി 20 ഗ്ലോബൽ ലാൻഡ് ഇനീഷ്യേറ്റീവ് ഡയറക്ടർ മുരളി തുമ്മാരുകുടിക്കാണ് മുഖ്യമന്ത്രി പുസ്തകം കൈമാറിയത്.

പ്രവാസി മലയാളികൾക്കും നിക്ഷേപകർക്കും കേരളത്തിൽ സുരക്ഷിതമായും സുതാര്യമായും നിക്ഷേപം നടത്തുന്നതിനായി കേരള സർക്കാരിന് കീഴിലുള്ള ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് ആവിഷ്കരിച്ച അത്യാധുനിക ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് ഷെർപ്പ (ടവല്യുമ). നിക്ഷേപ പ്രക്രിയയുടെ ഓരോ ഘട്ടത്തിലും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന ഒരു വഴികാട്ടിയായി ഈ പോർട്ടൽ പ്രവർത്തിക്കുന്നു. വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം, ഡിജിറ്റൽ സേവനങ്ങളുടെ സംയോജനം, നിക്ഷേപങ്ങളുടെ പുരോഗതി തത്സമയം വിലയിരുത്താനുള്ള സംവിധാനം എന്നിവ ഷെർപ്പയുടെ പ്രത്യേകതകളാണ്. കാര്യക്ഷമവും സമയബന്ധിതവുമായ സേവനങ്ങളിലൂടെ നിക്ഷേപകർക്ക് മികച്ച അനുഭവം ഉറപ്പാക്കാൻ ഈ നൂതന സംരംഭം ലക്ഷ്യമിടുന്നു.വിദേശ രാജ്യങ്ങളിൽ ഉപരിപഠനത്തിന് പോകുന്ന വിദ്യാർഥികൾക്ക് അതാത് രാജ്യങ്ങളിലെ നിയമങ്ങൾ, സർവകലാശാല വിവരങ്ങൾ, കോഴ്സുകൾ എന്നിവയെക്കുറിച്ച് കൃത്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതാണ് സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ. നാലാം ലോക കേരള സഭയിൽ ഉയർന്നുവന്ന വിദ്യാർഥി കുടിയേറ്റ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ഈ സമഗ്ര ഓൺലൈൻ സംവിധാനം ഒരുക്കിയത്.

സുരക്ഷിത കുടിയേറ്റം ഉറപ്പാക്കാൻ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എയർപോർട്ട് ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചു. പ്രവാസത്തെക്കുറിച്ചുള്ള അവബോധം നൽകുന്നതിനൊപ്പം സർക്കാർ സേവനങ്ങളെക്കുറിച്ച് യാത്രക്കാർക്ക് വിവരങ്ങൾ നൽകാനും ഈ ഡെസ്ക് സഹായിക്കും.

ലോക മലയാളികൾക്കായുള്ള ഡിജിറ്റൽ ഇടമായ ലോക കേരളം ഓൺലൈൻ പോർട്ടലിൽ സേവനങ്ങൾ വിപുലീകരിച്ചു. പ്രവാസികേരളീയർക്ക് സൗജന്യ മാനസിക ആരോഗ്യ കൺസൽട്ടേഷനും ആയുർവേദ കൺസൽട്ടേഷൻ സേവനങ്ങളും ലോക കേരളം ഓണലൈനിൽ ലഭ്യമാക്കും. നാഷണൽ ഹെൽത്ത് മിഷൻ, ആയുഷ് മിഷൻ എന്നിവരുടെ സഹായത്തോടെയാണ് പ്രസ്തുത സേവനങ്ങൾ സൗജന്യമായി നൽകുന്നത്. ഫെബ്രുവരി 15 മുതൽ സേവനങ്ങൾ പോർട്ടലിൽ ലഭ്യമാകും.

# ലോക കേരളസഭ പ്രത്യേക പതിപ്പ് മുഖ്യമന്ത്രി പ്രകാശനം ചെയ്തു

ലോക കേരളസഭയുടെ അഞ്ചാം സമ്മേളനത്തോടനുബന്ധിച്ച് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് തയ്യാറാക്കിയ പ്രത്യേക പതിപ്പ് മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു. നിയമസഭയിൽ നടന്ന ലോക കേരളസഭയുടെ ഉദ്ഘാടന ചടങ്ങിൽ സ്പീക്കർ എ എൻ ഷംസീറിന്റെ സാന്നിധ്യത്തിൽ യു.എൻ ദുരന്തലഘൂകരണ വിഭാഗം തലവൻ മുരളി തുമ്മാരുകുടി മുഖ്യമന്ത്രിയിൽ നിന്നും പതിപ്പ് സ്വീകരിച്ചു.

പ്രവാസി മലയാളികളുടെ ആഗോള പങ്കാളിത്തവും കേരളത്തിന്റെ വികസന യാത്രയും സമഗ്രമായി അവതരിപ്പിക്കുന്ന ലേകകേരള സഭ പ്രത്യേക പതിപ്പ് ലോകമെമ്പാടുമുള്ള മലയാളിസമൂഹത്തെയും സംസ്ഥാനത്തിന്റെ മുന്നേറ്റങ്ങളെയും അടയാളപ്പെടുത്തുന്ന സമഗ്രരേഖയാണ്. ലോക കേരളസഭയുടെ ലക്ഷ്യവും പ്രാധാന്യവും വിശദീകരിക്കുന്ന ലേഖനങ്ങളാണ് പതിപ്പിന്റെ മുഖ്യ ആകർഷണം.

"മാനവികതയുടെ ലോകകേരളം" എന്ന തലക്കെട്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ എഴുതിയ ലേഖനം, പ്രവാസി സമൂഹത്തിന്റെ അനുഭവങ്ങളും ആശയങ്ങളും കേരളത്തിന്റെ വികസനയാത്രയുമായി ബന്ധിപ്പിക്കുന്ന ലോക കേരളസഭയുടെ പ്രസക്തി വിശദമാക്കുന്നു. അതിരുകൾക്കപ്പുറം വ്യാപിച്ചിരിക്കുന്ന മലയാളി സ്വത്വത്തെ ഏകോപിപ്പിക്കുന്ന ജനാധിപത്യ വേദിയായാണ് ലോക കേരളസഭയെ മുഖ്യമന്ത്രി വിശേഷിപ്പിക്കുന്നത്. "അതിരുകളില്ലാത്ത കേരളം" എന്ന ലേഖനത്തിലൂടെ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ, പ്രവാസികളും സംസ്ഥാന നിയമനിർമ്മാണ സംവിധാനവും തമ്മിലുള്ള ആശയവിനിമയത്തിന് ലോക കേരളസഭ ഒരുക്കുന്ന സാധ്യതകൾ ചൂണ്ടിക്കാട്ടുന്നു.

പ്രവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും നാടിന്റെ വികസനത്തിനായി അവരുടെ അറിവും അനുഭവസമ്പത്തും പ്രയോജനപ്പെടുത്താനും ലക്ഷ്യമിട്ടുള്ള ലേഖനങ്ങളും പ്രവാസലോകത്തെക്കുറിച്ചുള്ള പഠനങ്ങളും പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡോ. ശശി തരൂർ എം.പി., പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ ഡോ. വി. കെ. രാമചന്ദ്രൻ, ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി കെ എം എബ്രഹാം, എം.എ യൂസഫലി, രവി പിള്ള, സച്ചിദാനന്ദൻ, ഡോ. ആസാദ് മൂപ്പൻ, കെ രവി രാമൻ, ഇരുദയരാജൻ പ്രഭാവർമ്മ തുടങ്ങി വിവിധ മേഖലകളിലെ പ്രമുഖരുടെ ലേഖനങ്ങളും കുറിപ്പുകളും പുസ്തകത്തിലുണ്ട്. പ്രവാസ ചരിത്രം, നോർക്കയുടെ ക്ഷേമപദ്ധതികൾ, വിഴിഞ്ഞം തുറമുഖം പോലുള്ള വൻകിട വികസന പദ്ധതികൾ, നവകേരള നിർമ്മിതിയിലെ പ്രവാസികളുടെ പങ്ക് എന്നിവയെക്കുറിച്ചുള്ള വിശദമായ വിവരങ്ങളും പ്രത്യേക പതിപ്പിലൂടെ അറിയാം.

# വികസിത രാഷ്ട്രങ്ങളിലെ ജീവിതനിലവാരത്തിലേക്ക് കേരളത്തെ ഉയർത്തണം: മുഖ്യമന്ത്രി പിണറായി വിജയൻ

വികസിത രാഷ്ട്രങ്ങളിലെ ജീവിതനിലവാരത്തിലേക്ക് കേരളത്തെ ഉയർത്തുക എന്നത് ഒരു സ്വപ്നം മാത്രമല്ല യാഥാർഥ്യമാക്കാൻ കഴിയുന്ന ഒന്നാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിയമസഭാ ശങ്കരനാരായണൻ തമ്പി ഹാളിൽ അഞ്ചാമത് ലോക കേരള സഭ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ആദ്യകാലത്ത് ദാരിദ്ര്യവും കഷ്ടപ്പാടും മൂലം നാടുവിട്ട മലയാളികൾ കഠിനമായ ശാരീരിക അധ്വാനം വേണ്ടി വരുന്ന ജോലികളിൽ ഏർപ്പെട്ടിട്ടാണ് പ്രവാസ ജീവിതം കെട്ടിപ്പടുത്തത്. എന്നാൽ 1957ലെ ഇ.എം.എസ് സർക്കാരിന്റെ ഭൂപരിഷ്കരണവും വിദ്യാഭ്യാസ രംഗത്തെ വിപ്ലവകരമായ ഇടപെടലുകളും കേരളത്തിന്റെ ഗതി മാറ്റി. സ്കൂളുകളുടെ എണ്ണം വർദ്ധിച്ചതും വിദ്യാഭ്യാസം സാർവത്രികമായതും മലയാളിയെ ലോകനിലവാരമുള്ള പ്രൊഫഷണലുകളാക്കി മാറ്റിയെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഇന്ന് ലോകത്തെവിടെയും മലയാളി സാന്നിധ്യമുണ്ട്. ഡോക്ടർമാരും എൻജിനീയർമാരും ശാസ്ത്രജ്ഞരുമായി പ്രവാസി മലയാളികളുടെ ലോകം വികസിച്ചു.

സംസ്ഥാന ബജറ്റിൽ ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കിയതും മുഖ്യമന്ത്രി പരാമർശിച്ചു. വിദേശത്ത് ഗവേഷണത്തിനും ജോലിക്കുമായി പോയവരുടെ സഹായം തേടി, അവരുടെ വൈദഗ്ധ്യം ആഭ്യന്തര ഉൽപ്പാദന മേഖലയിൽ വിനിയോഗിക്കുന്ന ചൈനയുടെ പദ്ധതി ലോകപ്രശസ്തമാണ്. ഇതിന് സമാനമായ നിർദ്ദേശങ്ങൾ ലോക കേരള സഭയിൽ ഉയർന്നുവന്നിട്ടുണ്ടെന്നും ഭാവിയിൽ കേരളത്തിലും ഇത്തരം പ്രവാസി പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ലോക കേരള സഭയുടെ രൂപീകരണ വേളയിൽ പലർക്കും ആശങ്കയുണ്ടായിരുന്നുവെങ്കിലും ഇന്ന് ഇത് പ്രവാസികളുടെ ആധികാരിക ശബ്ദമായി മാറി. കേന്ദ്ര സർക്കാർ പോലും കേരളത്തിന്റെ ഈ മാതൃക പിന്തുടരാൻ മറ്റ് സംസ്ഥാനങ്ങളോട് നിർദ്ദേശിക്കുന്നത് കേരളത്തിന്റെ വിജയമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

രാജ്യത്തെ ആദ്യത്തെ സമഗ്ര ആരോഗ്യ-അപകട ഇൻഷുറൻസ് പദ്ധതിയായ നോർക്ക കെയർ ഉൾപ്പെടെ പ്രവാസികൾക്കായി സർക്കാർ നടപ്പിലാക്കുന്ന വിപുലമായ പദ്ധതികലും മുഖ്യമന്ത്രി പരാമർശിച്ചു. വിദേശ റിക്രൂട്ട്മെന്റ് തട്ടിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കു നോർക്ക പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നുണ്ട്.

നിലവിലെ എൻ.ആർ.ഐ പോലീസ് സ്റ്റേഷന് ഉപരിയായി നേരിട്ട് എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ സാധിക്കുന്ന സംവിധാനമായിരിക്കും ഇത്. പഠനസംബന്ധമായ സമഗ്ര ഓൺലൈൻ സംവിധാനം സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ പൂർത്തിയായിക്കഴിഞ്ഞു. വിദേശരാജ്യങ്ങളിൽ ഹെൽപ് ഡെസ്ക്കുകൾ സ്ഥാപിച്ചു. കാനഡയിലെ പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചു കൊണ്ട് നോർക്ക-കാനഡ കോർഡിനേഷൻ കൗൺസിൽ രൂപീകരിച്ചു. എജുക്കേഷൻ കൺസൾട്ടൻസികളെ നിയന്ത്രിക്കാനുള്ള ബില്ലുമായി ബന്ധപ്പെട്ട നിയമനിർമാണം അവസാന ഘട്ടത്തിലാണ്.

അന്താരാഷ്ട്ര തലത്തിൽ കുടിയേറ്റക്കാരോടുള്ള പാശ്ചാത്യ രാജ്യങ്ങളുടെ സമീപനം മാറുന്നതിൽ ആശങ്ക പ്രകടിപ്പിച്ച മുഖ്യമന്ത്രി, അസഹിഷ്ണുത വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ പ്രവാസി സമൂഹത്തെ ചേർത്തുപിടിക്കേണ്ടത് മാതൃരാജ്യത്തിന്റെ കടമയാണെന്നും കൂട്ടിച്ചേർത്തു.

ലോക കേരള സഭ സമീപന രേഖ മുഖ്യമന്ത്രി സഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചു. സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ, എയർപോർട്ട് ഹെല്പ് ഡെസ്ക്, ഷെർപ്പ പോർട്ടൽ എന്നിവയുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് തയ്യാറാക്കിയ കോഫി ടേബിൾ ബുക്കിന്റെ പ്രകാശനവും ചടങ്ങിൽ നടന്നു. സ്പീക്കർ എ. എൻ. ഷംസീർ, മന്ത്രിമാർ, എംപിമാർ, എംഎൽഎമാർ, ചീഫ് സെക്രട്ടറി എ. ജയതിലക്, വ്യവസായ പ്രമുഖരായ എം. എ. യൂസഫ് അലി, രവി പിള്ള, വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രവാസി പ്രതിനിധികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# കംപ്യൂട്ടർ കോഴ്സുകളിൽ പ്രവേശനം

ഐ.എച്ച്.ആർ.ഡി.യുടെ തിരുവനന്തപുരം മുട്ടട റീജിയണൽ സെന്ററിൽ ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ജഏഉഇഅ: ഒരു വർഷം), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഉഇഅ 6 മാസം), ഡിപ്ലോമ ഇൻ ഡാറ്റ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഉഉഠഛഅ: ഒരു വർഷം), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി സയൻസ് (ഇഘകട: 6 മാസം) കോഴ്സുകളിലേക്ക് (ഫുൾ ടൈം/ പാർട്ട് ടൈം - ഛിഹശില/ ഛളളഹശില/ ഴ്ലിശഴ യമരേവ) അപേക്ഷ ക്ഷണിച്ചു. യഥാക്രമം ഡിഗ്രി, പ്ലസ്ടു, എസ്.എസ്.എൽ.സി എന്നിവയാണ് യോഗ്യതകൾ. ഒട്ടേറെ തൊഴിൽ സാധ്യതകൾ ഉള്ളതും കേരളാ പി.എസ്.സി അംഗീകാരവുമുള്ള കോഴ്സുകളാണിവ. എസ്.സി/ എസ്.ടി/ ഒ.ഇ.സി വിഭാഗക്കാർക്ക് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള പ്രകാരം ഫീസ് സൗജന്യം ലഭിക്കും. പ്രവേശനത്തിനായി ഐ.എച്ച്.ആർ.ഡിയുടെ റീജിയണൽ സെന്ററിൽ നേരിട്ടോ 0471-2550612, 9400519491, 8547005087 നമ്പറുകളിലോ ബന്ധപ്പെടുക.

# നവകേരളത്തിലേക്കുള്ള ബജറ്റ് ചർച്ച ചെയ്യാനുള്ള ത്രാണി പോലും പ്രതിപക്ഷത്തിനില്ലെന്ന് ഗോവിന്ദൻ

തിരുവനന്തപുരം: ബജറ്റ് കേരളത്തിൻറെ മുഖം തന്നെ മാറ്റി മറിക്കുന്നതിന് പര്യാപ്തമായ വിധത്തിലുള്ളതാണെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. എന്നാൽ ഇവയൊന്നും ചർച്ച ചെയ്യാൻ പോലും പ്രതിപക്ഷത്തിന് ത്രാണിയില്ലെന്നും അദ്ദേഹം പരിഹസിച്ചു.

ബജറ്റിനെ സംബന്ധിച്ച് പ്രായോഗികമല്ല എന്നാണ് പ്രതിപക്ഷം ആകെ പറഞ്ഞ പ്രയോഗം. കഴിഞ്ഞ എൽഡിഎഫ് സർക്കാരിൻറെ ബജറ്റിൻറെ ഘട്ടത്തിലും ഇത്തരത്തിലുള്ള പ്രസ്താവന തന്നെയാണ് അന്നത്തെ പ്രതിപക്ഷ നേതാവ് നടത്തിയിട്ടുള്ളത്. ബജറ്റിൻറെ ജനകീയ മുഖം പ്രതിപക്ഷത്തിന് മനസിലാക്കാൻ പോലും സാധിക്കുന്നില്ലെന്നും ഗോവിന്ദൻ പറഞ്ഞു.

കേന്ദ്രസർക്കാർ സാമ്പത്തികമായി ശ്വാസം മുട്ടിക്കുമ്പോഴും സ്വന്തം വഴിയിലൂടെ കേരളം മുന്നേറുമെന്നതിനുള്ള നേർ സാക്ഷ്യപത്രമാണ് ഈ ബജറ്റ്. പാവപ്പെട്ട ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്ന നിലപാടുകളാണ് ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും ഗോവിന്ദൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി കേരളത്തിലെ 30 ശതമാനത്തോളം വരുന്ന ജനതയുടെ ജീവിതം താരതമ്യേന പിറകോട്ട് പോകുന്ന സാഹചര്യത്തിലൂടെയാണ് എൽഡിഎഫ് സർക്കാർ പ്രവർത്തിക്കുന്നത്.

ഏറ്റവും പിന്നണിയിൽ നിൽക്കുന്ന ജനതയെ കൈപിടിച്ചുയർത്തുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നുണ്ട്. അതിദാരിദ്ര്യം അവസാനിപ്പിച്ച കേരളം ദാരിദ്യം തന്നെ അവസാനിപ്പിക്കുന്നതിനായി പുതിയ നിലപാടുകൾ സ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. ഇടതുപക്ഷ ബദൽ എന്താണെന്നതിൻറെ കൃത്യമായ അടയാളപ്പെടുത്തലാണ് ഈ ബജറ്റെന്നും ഗോവിന്ദൻ കൂട്ടിച്ചേർത്തു.

## പുഷ്പാർച്ചന നടത്തി

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 78-ാം രക്ത സാക്ഷി ദിനമായ ജനുവരി 30 ന് നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള മഹാത്മാഗാന്ധിയുടെ പ്രതിമയിൽ നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ പുഷ്പാർച്ചന നടത്തി. നിയമസഭാ സെക്രട്ടറി ഡോ. എൻ.കൃഷ്ണ കുമാർ, നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

## 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ഫെബ്രുവരി 3ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്-1/35/2026ഫിൻ. തിയതി 29.01.2026) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.

# കടൽപായൽ ഉൽപാദനം മൂന്നിരട്ടിയായി വർധിച്ചു- കേന്ദ്ര മന്ത്രി ജോർജ് കുര്യൻ

കൊച്ചി: രാജ്യത്തെ കടൽപായൽ ഉൽപാദനം കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ഏകദേശം മൂന്നിരട്ടിയായി വർധിച്ചെന്ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) ആരംഭിച്ച ഏഴാമത് ഇന്ത്യ ഇൻർനാഷണൽ കടൽപായൽ ഉച്ചകോടിയും പ്രദർശനവും ഓൺലൈനിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

2015ൽ 18,890 ടണ്ണായിരുന്നത് 2024ൽ 74083 ടണ്ണായി വർധിച്ചു. കടൽപായൽ കൃഷിയും അനുബന്ധ വ്യവസായങ്ങളും വൻതോതിൽ വിപുലീകരിക്കുന്നതിനുള്ള നടപടികളുണ്ടാകും. തീരദേശ വികസനത്തിലും സുസ്ഥിര ഉപജീവന മാർഗങ്ങളിലും കടൽപായൽ കൃഷി നിർണായക പങ്ക് വഹിക്കുമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (എൻ എഫ് ഡി ബി) ചീഫ് എക്സിക്യൂട്ടീവ് ഡോ ബി കെ ബെഹറ അധ്യക്ഷത വഹിച്ചു. ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ്, സിഎംഎഫ്ആർഐ, സെൻട്രൽ സാൾട്ട് മറൈൻ കെമിക്കൽസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവർ സംയുക്തമായാണ് രണ്ടു ദിവസത്തെ എക്സ്പോയും ഉച്ചകോടിയും സംഘടിപ്പിക്കുന്നത്.

വ്യവസായ സാധ്യതകൾ തുറന്നിട്ട് എക്സ്പോ

കടൽപായലിൽ നിന്ന് നിർമ്മിച്ച വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളുടെ പ്രദർശനമാണ് എക്സ്പോയിലെ പ്രധാന ആകർഷണം. ന്യൂട്രീഷൻ പൗഡർ, ജാം, പക്കവട, സോസ് തുടങ്ങി കടൽപായലിൽ നിന്ന് നിർമിച്ച വൈവിധ്യമായ ഭക്ഷ്യോൽപന്നങ്ങൾ ശ്രദ്ധയാകർഷിച്ചു. സീവീഡ് സോപ്പുകൾ, എയർ ഫ്രഷ്നർ ജെല്ലുകൾ, ജൈവവളങ്ങൾ, കരകൗശലവസ്തുക്കൾ, സൗന്ദര്യവർധക വസ്തുക്കൾ, ന്യൂട്രാസ്യൂട്ടിക്കുകൾ തുടങ്ങി അനേകം കടൽപായൽ ഉൽപന്നങ്ങളുടെ പ്രദർശനം ഈ രംഗത്തെ വ്യവസായ സ്റ്റാർട്ടപ് സംരംഭങ്ങളുടെ സാധ്യതകൾ മുന്നോട്ടുവെച്ചു.യു എസ്, റഷ്യ, ഓസ്ട്രേലിയ, ഫ്രാൻസ് തുടങ്ങി പത്തിലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്.

ഡോ ജെ കെ ജെന, സാഗർ മെഹ്റ, ഡോ ഷൈൻ കുമാർ സി എസ്, ഡോ കണ്ണൻ ശ്രീനിവാസൻ, ഡോ ഗ്രിൻസൺ ജോർജ്, ഡോ ജോർജ് നൈനാൻ, ഡോ പ്രദീപ് കുമാർ ശർമ, വിനയ് ജെയിംസം കൈനാടി, ഡോ ബി ജോൺസൺ എന്നിവർ സംസാരിച്ചു. ഉച്ചകോടി ഇന്ന് (വെള്ളി) സമാപിക്കും.



സിഎംഎഫ്ആർഐയിൽ ആരംഭിച്ച ഏഴാമത് ഇന്ത്യ ഇന്റർനാഷണൽ സീവീഡ് ഉച്ചകോടിയിൽ വിവിധ കടൽപായലുകൾ നോക്കിക്കാണുന്നവർ



സിഎംഎഫ്ആർഐയിൽ ആരംഭിച്ച ഏഴാമത് ഇന്ത്യ ഇന്റർനാഷണൽ സീവീഡ് ഉച്ചകോടിയിൽ കടൽപായലിൽ നിന്ന് നിർമിച്ച ഭക്ഷ്യോൽപന്നങ്ങൾ അതിഥികൾ രുചിച്ചു നോക്കുന്നു.